# സഹ്യനാദം

ലക്കം 04 | ഏപ്രിൽ 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



വി. ഗീവർഗീസ് സഹദായുടെ

# തിരുനാൾ

## ഏപ്രിൽ 24

# ഇടുക്കി രൂപത 2 -ാമത് കാൽനട തീർത്ഥാടനം, എഴുകുംവയൽ കുരിശുമലയിലേക്ക്.







# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 21**
**Issue No. : 04**
**Month : April 2024**




## ഈ ലക്കത്തിൽ

| | |
|---|---|
| ദൈവകരുണയുടെ തിരുനാൾ | 05 |
| മെയ്ദിന സന്ദേശം 2024 | 07 |
| നാളാഗമം | 12 |
| BISHOP'S ENGAGEMENTS | 17 |
| കച്ചേരി വാർത്തകൾ | 18 |
| സാന്താമരിയ അരുണാചൽ മിഷൻ | 26 |
| മൈനർ സെമിനാരി | 27 |
| സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ | 27 |
| സന്ന്യസ്തർ | 30 |
| വിദ്യാഭ്യാസം | 36 |
| പാവനാത്മാ കോളേജ് | 43 |
| മാർ സ്ലീവാ കോളേജ് | 44 |
| സാമൂഹ്യസേവനം | 46 |
| കെ.സി.എസ്.എൽ. | 49 |
| തിരുബാലസഖ്യം | 51 |
| ചെറുപുഷ്പ മിഷൻലീഗ് | 51 |
| കെ.സി.വൈ.എം. | 54 |
| മാതൃവേദി | 56 |
| വിമൻസ് കമ്മീഷൻ | 58 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 59 |
| കത്തോലിക്കാ കോൺഗ്രസ് | 61 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റിവ് | 62 |
| മദ്യവിരുദ്ധ സമിതി | 63 |
| ആത്മജ്യോതി | 63 |
| കരുണ ആനിമേഷൻ സെന്റർ | 64 |
| വാർത്തകളും വിശേഷങ്ങളും | 65 |

*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*
Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com

***"God loved us first. He waited for us. He keeps loving us. This is our identity and our strength: we are God's beloved."***

*Pope Francis, Tweet, 14-03-2024*

# ഓർമ്മിക്കാൻ

## ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 05 | : | മെത്രാഭിഷേകദിനം |
| | : | വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെ തിരുനാൾ) |
| 05-07 | : | ദൈവകരുണയുടെ കൺവെൻഷൻ, കരുണ, നെടുംകണ്ടം |
| 07 | : | പുതുഞ്ഞായർ, ദൈവകരുണയുടെ തിരുനാൾ |
| 09&10 | : | സന്ന്യാസിനീ സംഗമം, കരുണ, നെടുംകണ്ടം |
| 12-14 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 13-14 | : | അമ്മായാർക്കുവേണ്ടിയുള്ള ദൈവശാസ്ത്ര കോഴ്സ്, കരുണ, നെടുംകണ്ടം |
| 24 | : | വി. ഗീവർഗ്ഗീസ് |
| 25 | : | വി. മർക്കോസ് സുവിശേഷകൻ |
| 28 | : | മാർ അദ്ദായി |
| 29 | : | സിയന്നായിലെ വി. കത്രീന |

## 2024 ഏപ്രിൽ 7

# ദൈവകരുണയുടെ തിരുനാൾ

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ആഗോള സഭയിൽ ഈസ്റ്റർ കഴിഞ്ഞു വരുന്ന ഞായറാഴ്ച നാം ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. ഈ വർഷം ഏപ്രിൽ 7-ാം തീയതിയാണ് നമ്മൾ ഈ തിരുനാൾ ആഘോഷിക്കുന്നത്. ദൈവകരുണയുടെ പ്രചാരകയായ വി. ഫൗസ്റ്റീനായുടെ നാമകരണ ദിനത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ഈ തിരുനാൾ ദിനം പ്രഖ്യാപിച്ചത്. ''കർത്താവിനു നന്ദി പറയുവിൻ. കാരണം അവിടുന്നു നല്ലവനാണ് അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.'' (സങ്കീ 118:1) എന്ന സങ്കീർത്തകന്റെ പ്രവചനം പൂർത്തിയാക്കിക്കൊണ്ട് നമ്മുടെ കർത്താവായ മിശിഹായുടെ തിരുവിലാവിൽ നിന്നൊഴുകിയ കരുണയുടെ രക്തത്താലും ജലത്താലും ആദിപിതാവായ ആദം മുതൽ നാം പേറിയിരുന്ന പാപബന്ധനങ്ങളിൽ നിന്നും നാം സ്വതന്ത്രരാക്കപ്പെട്ടതിന്റെ അനുസ്മരണവും ആഘോഷവുമാണ് ഈ തിരുനാൾ.

വി. ജോൺ പോൾ പാപ്പ പറയുന്നതുപോലെ ക്രൂശിതനായ ക്രിസ്തുവിന്റെ ഹൃദയത്തിലൂടെയാണ് ദൈവകാരുണ്യം മനുഷ്യരിലെത്തുന്നത്. ഈശോ വി. ഫൗസ്റ്റീനയോട് പറയുന്നു ''എന്റെ മകളേ ഞാൻ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തീഭാവമാണെന്ന് ലോകത്തോടു പറയുക''. പരിശുദ്ധ ത്രിത്വത്തിലെ സ്നേഹമെന്ന ദൈവവ്യക്തിയായ പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ടാണ് മിശിഹാ ഈ കാരുണ്യം മനുഷ്യകുലത്തിന്മേൽ ചൊരിയുന്നത്.

ദൈവകരുണയുടെ നൊവേന ചൊല്ലിക്കൊണ്ടാണ് നാം ദൈവകരുണയുടെ തിരുനാളിനായി ഒരുങ്ങേണ്ടത്. ദുഖവെള്ളിയാഴ്ച മുതൽ ദൈവകരുണയുടെ തിരുനാൾ വരെയുള്ള ഒൻപതു ദിവസങ്ങളാണ് ദൈവകരുണയുടെ നൊവേന ദിനങ്ങൾ. ഈ ദിനങ്ങളിൽ നമ്മുടെ കുടുംബങ്ങളിലും ദൈവാലയങ്ങളിലും കരുണയുടെ ജപമാല ചൊല്ലി നമുക്കു പ്രാർത്ഥിക്കാം. ദൈവകരുണയുടെ തിരുനാൾ

ദിനം പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള ദിവസമാണെന്ന കാര്യം നാം പ്രത്യേകം ഓർക്കണം.

നമ്മുടെ രൂപതയിൽ ദൈവകരുണയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ ഏപ്രിൽ 5, 6, 7 തീയതികളിൽ ദൈവകരുണയുടെ കൺവെൻഷനും തിരുനാൾ ആഘോഷവും നടത്തപ്പെടുന്നു. സാധിക്കുന്നവരെല്ലാവരും കൺവെൻഷനിലും തിരുനാൾ ആഘോഷത്തിലും പങ്കെടുത്തു ദൈവകരുണ പ്രാപിക്കാനായി പരിശ്രമിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം

✝**മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപത മെത്രാൻ

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2024

### "തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല" (ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മാർക്ക് 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം - സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. "പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാകണം" (1, 4, ഴ, സിനർജി ഡോക്കുമെൻറ് 28-10-2023)

"എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊഴിൽ' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ.എൽ.ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിതതൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് എറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളി

കൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റതൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാ ത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്യത്തിലേക്കും അരക്ഷിതാവസ്ഥയി ലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശസംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജന വിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷ ങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്.

ബേത്സെഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ 5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽ എം ന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക-അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത് കെ. എൽ.എം. നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ എൽ എം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെൻറ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്- സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂ

ത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനം ദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളന ത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്ത കരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

| | | ഫെബ്രുവരി 2024 |
|---|---|---|
| 21/02/2024-22/02/2024 | | ഇടുക്കി രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. |
| 23/02/2024 | | മാങ്കുളം സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപന സമ്മേളനത്തിൽ വചന സന്ദേശം നൽകി. |
| 24/02/2024-25/02/2024 | | ഇടുക്കി രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. |
| 26/02/2024 | 11.00 am | വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന വെള്ളയാംകുടി ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| | 06.00 pm | പാറത്തോട് സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന പാറത്തോട്, വെള്ളത്തൂവൽ ഫൊറോനകളിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| 27/02/2024 | | എറണാകുളം-അങ്കമാലി അതിരൂപതയുടെ ബിഷപ്പ് ഹൗസിൽ വച്ച് നടന്ന എറണാകുളം കോതമംഗലം ഇടുക്കി രൂപതകളുടെ ഇന്റർ പ്രൊവിൻസ് സമ്മേളനത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | | കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന നാൽപതു മണി ആരാധനയുടെ തുടക്കത്തിൽ വി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. |
| 28/02/2024 | | ബിഷപ്പ് ഹൗസിൽ വച്ച് നടന്ന പുതുതായി തിരഞ്ഞെടുക്കപ്പെട്ട വൈദിക സമിതിയുടെ യോഗത്തിൽ പങ്കെടുത്തു |
| | | ചെമ്പകപ്പാറ സെന്റ് പീറ്റേഴ്സ് ഇടവകാംഗമായ കടൂപ്പാറയിൽ ജാൻസി ജോമോന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലുള്ള തിരുകർമ്മങ്ങൾ നിർവഹിച്ചു. |
| 29/02/2024 | 11.00 am | നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടന്ന നെടുങ്കണ്ടം ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| | 06.00 pm | രാജാക്കാട് ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന രാജാക്കാട് ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| | | **മാർച്ച് 2024** |
| 01/03/2024 | 11.00 am | അടിമാലി അത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മാങ്കുളം, കൂമ്പൻപാറ ഫൊറോനകളിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 06.00 pm | കുഞ്ചിത്തണ്ണി ഹോളി ഫാമിലി ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന കുഞ്ചിത്തണ്ണി ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| 02/03/2024 | 11.00 am | തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന തങ്കമണി ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| | 06.00 pm | ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന ഇരട്ടയാർ ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| 03/03/2024 | | സ്ലീവാമല സെന്റ് ബെനഡിക്ട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 06/03/2024 | 11.00 am | രാജമുടി ക്രിസ്തുരാജ് ദൈവാലയത്തിൽ വച്ച് നടന്ന മുരിക്കാശ്ശേരി ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| | 06.00 pm | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന വാഴത്തോപ്പ് ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 07/03/2024 | | ശാലോം ടെലിവിഷൻ നടത്തിയ അഭിമുഖത്തിൽ പങ്കെടുത്തു. |
| 08/03/2024 | 06.00 pm | ചുരുളി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന ചുരുളി ഫൊറോനയിലെ ഇടവകകളിലെ കൈക്കാരന്മാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. |
| 10/03/2024 | | മേരിലാന്റ് സെന്റ് മേരീസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 11/03/2024 | 04.00 pm | വന്യമൃഗത്തിനെതിരെ പ്രതിഷേധിച്ച് രൂപതയിലെ കെ.സി.വൈ.എം. സംഘടനയുടെ 48 മണിക്കൂർ നിരാഹാരസമരത്തിന്റെ സമാപന സമ്മേളനം അടിമാലിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. |
| 12/03/2024 | | ഇടുക്കി രൂപയുടെ നേതൃത്വത്തിൽ പൂപ്പാറയിൽ വച്ച് നടന്ന ബഹുജന റാലിയിലും പ്രതിഷേധ സമ്മേളനത്തിലും പങ്കെടുത്തു. |
| 14/03/2024 | | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗമായ പഴൂർ പി.റ്റി. ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലുള്ള തിരുകർമ്മങ്ങൾ നിർവഹിച്ചു. |
| 15/03/2024 | | തിരുവല്ലാ രൂപതയിൽ വച്ച് നടത്തപ്പെട്ട മെത്രാന്മാരുടെ മാസ ധ്യാനത്തിൽ പങ്കെടുത്തു. |
| 17/03/2024 | | മുട്ടുകാട് സെന്റ് ജോർജ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 18/03/2024 | | കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് നടന്ന ഇടുക്കി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസ സഭകളുടെ പ്രൊവിൻഷ്യൽ |

| | | |
|---|---|---|
| | | സുപ്പീരിയേഴ്സിന്റെയും ടീം അംഗങ്ങളുടെയും സമ്മേളനത്തിൽ പങ്കെടുത്തു. |
| | | ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ ഇരട്ടയാറിൽ വച്ച് നടത്തിയ അധ്യാപക അവാർഡ് ദാന യാത്രയയപ്പ് സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. |
| 19/03/2024 | 05.00 pm | പെരിങ്ങഴ സെന്റ് ജോസഫ് തീർത്ഥാടന ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. |

# BISHOP'S ENGAGEMENTS

**ഏപ്രിൽ 2024**

| | |
|---|---|
| 03 | കോഴിമല |
| 04 | എറണാകുളം |
| 05 | മരിയാപുരം |
| | ലോവർ കുളമാവ് |
| 06 | മച്ചിപ്ലാവ് |
| 08 | മൈനർ സെമിനാരി |
| 09 | നെടുങ്കണ്ടം, കരുണ അനിമേഷൻ സെന്റർ |
| 11 | നസ്രത്ത് വാലി, ദൈവാലയ കൂദാശ |
| 12 | ഇരുമ്പുപാലം |
| 13 | വാഴത്തോപ്പ് |
| | വാഴക്കുളം |
| 14 | ആൽപാറ |
| 23 | വാഴത്തോപ്പ് |
| 24 | അരുവിത്തുറ |
| | വെൺമണി |
| 26 | നെടുങ്കണ്ടം |
| 27 | തങ്കമണി |
| 28 | രാജപുരം |
| | ആന്റോപുരം |
| 29 | രാജമുടി |

## C. 23/24 മെത്രാഭിഷേക ദിനം

ഏപ്രിൽ അഞ്ചാം തീയതി മെത്രാഭിഷേകത്തിന്റെ ആറാം വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന് രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

*Proto Syncellus*

## C. 24/24 നാമഹേതുക തിരുനാൾ ആശംസകൾ

ഏപ്രിൽ ഇരുപത്തിനാലാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

*Bishop*

## C. 25/24 സന്ന്യാസിനീ സംഗമം

ഇടുക്കി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്ന്യാസിനികളുടെയും സംഗമം നെടുംകണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് എപ്രിൽ 9, 10 തീയതികളിൽ രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുന്നതാണ്. എല്ലാ സിസ്റ്റേഴ്സും പ്രസ്തുത സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

**പങ്കെടുക്കേണ്ടവർ** : അധ്യാപകരായ സിസ്റ്റേഴ്സ് എപ്രിൽ 9
മറ്റുള്ള സിസ്റ്റേഴ്സ് എപ്രിൽ 10

*Bishop*

## C. 26/24 മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ 4-ാം ചരമവാർഷികം

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ

മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് നമ്മെ വേർപിരിഞ്ഞിട്ട് മെയ് 1-ാം തീയതി നാല് വർഷം പൂർത്തിയാകുന്നു. അന്നേ ദിവസം രാവിലെ 6.15 ന് കത്തീഡ്രൽ ദൈവാലയത്തിൽ രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുസ്മരണശുശ്രൂഷയും നടത്തുന്നതാണ്. ഇടുക്കി രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും മെയ് ഒന്നാം തീയതി പിതാവിനു വേണ്ടി യുള്ള ദിവ്യബലിയും അനുസ്മരണശുശ്രൂഷകളും നടത്തണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 27/24 വൈദികരുടെ പ്രാർത്ഥനാദിനം

പ്രിയ അച്ചൻമാരേ, രൂപതയുടെ ആത്മീയവളർച്ചയ്ക്കും വൈദികരുടെ വിശുദ്ധീകരണത്തിനുമായി ഫെബ്രുവരി 13 മുതൽ ആരംഭിച്ച നമ്മുടെ രൂപതയിലെ വൈദികരുടെ പ്രാർത്ഥനാദിനം തുട രുകയാണ്. ഇതുവരെ ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കാളികളായ എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. **ഏപ്രിൽ, മെയ്** മാസ ങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. രാജകു മാരി തീർത്ഥാടന കേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥന യ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം.

| Date | Day | NAMES |
|---|---|---|
| 08/04/24 | Monday | Fr. Chemmarappillil Jose |
| 09/04/24 | Tuesday | Fr. Chenamchirayil John |
| 10/04/24 | Wednesday | Fr. Cherukunnel Johnson |
| 11/04/24 | Thursday | Fr. Cheruparambil Mathew |
| 12/04/24 | Friday | Fr. Chittadiyil Jose |
| 15/04/24 | Monday | Fr. Chittemariyil Mark |
| 16/04/24 | Tuesday | Fr. Chunayanmackal Francis |
| 17/04/24 | Wednesday | Fr. Chunayanmackal Joseph |
| 18/04/24 | Thursday | Fr. Edavakandam Francis |

| | | |
|---|---|---|
| 19/04/24 | Friday | Fr. Erattachirayil Abraham |
| 22/04/24 | Monday | Fr. Kaippayil Scaria |
| 23/04/24 | Tuesday | Fr. Kalathikattil Jacob |
| 24/04/24 | Wednesday | Fr. Kannamplackal Thomas |
| 25/04/24 | Thursday | Fr. Karinthel George |
| 26/04/24 | Friday | Fr. Karivelickal George |
| 29/04/24 | Monday | Fr. Karottukocharackal Mathew |
| 30/04/24 | Tuesday | Fr. Kattupalathu Mathew |
| 01/05/24 | Wednesday | Fr. Kavumkal Jose |
| 02/05/24 | Thursday | Fr. Kayamkattil George |
| 03/05/24 | Friday | Fr. Kochithara George |
| 06/05/24 | Monday | Fr. Kochozhathil Joseph |
| 07/05/24 | Tuesday | Fr. Kochukunnel Joseph |
| 08/05/24 | Wednesday | Fr. Kochuparambil Abraham |
| 09/05/24 | Thursday | Fr. Kochupurackal Jose |
| 10/05/24 | Friday | Fr. Kochupurackal Sebastian |
| 13/05/24 | Monday | Fr. Koickal Dominic |
| 14/05/24 | Tuesday | Fr. Koickal Joseph |
| 15/05/24 | Wednesday | Fr. Kolathupadavil George |
| 16/05/24 | Thursday | Fr. Kollakombil Joseph |
| 17/05/24 | Friday | Fr. Kollamparambil George |
| 20/05/24 | Monday | Fr. Kollikulavil Joseph |
| 21/05/24 | Tuesday | Fr. Kulamackal Thomas |
| 22/05/24 | Wednesday | Fr. Kumarakathukalayil Joseph |
| 23/05/24 | Thursday | Fr. Kumbalamthanam Joseph |
| 24/05/24 | Friday | Fr. Kumannooparambil Zacharias |

| | | |
|---|---|---|
| 27/05/24 | Monday | Fr. Kunnathumparayil Antony |
| 28/05/24 | Tuesday | Fr. Kuthanappillil Augustine |
| 29/05/24 | Wednesday | Fr. Kuthanappillil Emmanuel |
| 30/05/24 | Thursday | Fr. Kuttikkattu Joseph |
| 31/05/24 | Friday | Fr. Kuzhikandathil Mathew |

*Proto Syncellus*

## C. 28/24 Incardination

Fr. Joseph Kaipanplackal, who was a member of the Presbyterium of Idukki, is officially incardinated into the Diocese of Townsville, Australia.

*Proto Syncellus*

## C. 29/24 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

റവ. ഫാ. ജോസഫ് പാപ്പാടി ചരമദിനം - 21-04-2022

റവ. ഫാ. ഫ്രാൻസീസ് കൊച്ചുപുരയ്ക്കൽ ചരമദിനം - 29-04-2001

*Proto Syncellus*

## C. 30/24 Report of the Newly Constituted Presbyteral Council Meeting: 28 February 2024

The first ordinary meeting of the newly constituted Presbyteral Council of the Eparchy was held on Wednesday 28$^{th}$ February, at Bishop's House Karimpan. The meeting was commenced with a prayer led by Rev. Fr. Mathew Vengaloor, followed by a welcome speech by Rev. Msgr. Jose Plachickal, the Proto-syncellus. The secretary, Rev. Fr. Thomas Panjikunnel presented the report of the last meeting of the outgoing council. After the presentation of the report Rev. Fr. Martin Ponpanal introduced the new members to the council and read out the statutes of the presbyteral council. During the presidential address, Bishop John Nellikunnel described the importance of this council and exhorted the members to act for the growth and development of the diocese.

Msgr. Jose Plachickal led the election of the members to the executive and agenda committees. Rev. Fr. Sebastian Kochupurackal, Rev. Fr. Jose Chittadiyil and Rev. Fr. Sebastian Vadakkel were elected to the executive committee. Rev. Fr. Mathew Karottukocharackal and Rev. Fr. Jose Narithookkil were elected to the agenda committee. After the election, the council deliberated the following topics of the agenda.

**Lenten Pilgrimage to Ezhukumvayal *Kurisumala*:** The council discussed about the diocesan Lenten pilgrimage to Ezhukumvayal *Kurisumala*. It was already informed that the pilgrimage would be conducted on 22nd March starting from four centres of the diocese namely, Murickassery, Nedumkandam, Vellayamkudy and Pandippara. The council suggested to have the presence of Vicar Generals in different centresand proposed to form a committee presided by the forane vicars for the necessary arrangements

**Establishing Pilgrim Centers:** Following the announcement of the year 2025 as an ordinary **Jubilee year** by Pope Francis in the Universal Church, the council discussed the programs of the diocese regarding the same. The council suggested to declare five parishes in the diocese as pilgrim centres of the Jubilee Year namely Rajakumari, Adimaly, Ezhukumvayal, Nedumkandam and Vazhathope.

**Parish Festivals:** Rev. Fr. Jose Chittadiyil suggested to unify the payments of *ambu* and *mudi* in the parish festivals. The council discussed the issue and suggested that a uniform rate of Rs. 20 must be implemented in the entire diocese. Besides, it was also suggested to issue receipts for the payments.

**Palliative Care:** The topic of starting palliative care units in every parish in the diocese was taken for discussion. The council observed that palliative care units are beneficial for the people who are sick and be dridden. Understanding the importance, the council entrusted a committee including Rev.

Msgr. Jose Plachickal, Rev. Fr. Sebastian Kochupurackal, Rev. Fr. George Pallivathukkal and Rev. Fr. Sebastian Manackalettu for starting palliative care units in all the parishes.

**Donation of a piece of land at Cheruthony:** Rev. Fr. Joseph Thachukunnel informed the council that a nine-cent plot was donated by Mrs. Rosakutty Abraham to the diocese at Cheruthony near to the Medical College. A discussion on the effective use of the land was taken place. It was suggested that the plot can be used for the following purposes: to construct a small chapel, to conduct counselling for the needy, to avail facilities for the bystanders of patients and to coordinate the activities of Bethlehem Caritas.

**Dialysis Care:** A committee consists of Rev. Msgr. Jose Karivelickal, Rev. Fr. Martin Ponpanal, Rev. Fr. Thomas Maniyattu, Rev. Fr. Sebastian Melettu and Rev. Fr. Thomas Nechikattu was constituted to study the possibilities and means for the dialysis care in the diocese.

**Committee to study the Financial Transaction Limits:** Presently the financial transactions and taking and giving loans above Rs. 20,000.00 are to be obtained the permission from the local ordinary according to the Diocesan statutes (n. 265 § 9 and § 11). The council discussed the matter and suggested to form a committee to study the proceedings of the nearby dioceses regarding the same. According to the suggestion, a committee including Rev. Msgr. Abraham Purayattu, Rev. Fr. Mathew Karottukocharackal and Rev. Fr. James Palackamattathil was formed.

**Pious Associations:** The council evaluated the activities of different pious associations in the diocese and the members expressed that all the pious associations are actively functioning in the diocese. The council suggested to form the units of *Pithruvedhi* in all the parishes with the aim of providing avenues for spiritual, cultural and social formation of the heads of

families. During the discussion His excellency informed that a separate director would be appointed for 'Pithruvedi.'

**Protest against the attacks of Wild Animals:** As the attacks of wild animals have increased in Munnar and nearby places, the council suggested to conduct a protest as an immediate response. Rev. Msgr. Abraham Purayattu and Rev. Fr. Mathew Karottukocharackal were given the responsibility to cooperate with the Vicar of Munnar (Latin) to conduct a protest against the attacks of wild animals.

A resolution was passed against the government policies regarding the attacks of wild animals in Munnar and the misbehaviour of the forest officers towards Rev. Fr. George Pallivathukkal, Vicar, Anakulam.

At the end of the discussion, Bishop John Nellikunnel congratulated Rev. Msgr. Jose Karivelickal for the successful organization of the diocesan Bible Convention. After the vote of thanks by Rev. Msgr. Jose Karivelickal, the Syncellus, the meeting was concluded at 1 pm with a prayer.

## C. 31/24 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | " |
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | " |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (Sr.) | " |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | " |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | " |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | " |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | " |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | " |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | " |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | " |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | " |

| | |
|---|---|
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (Jr.) | ” |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൈതോലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൊച്ചിത്തറ | ” |
| റവ. ഫാ. വർഗീസ് മറ്റത്തിൽ | ” |
| റവ. ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലപ്പള്ളിൽ (MST) | ” |
| റവ. ഫാ. ജോർജ്ജ് കോലത്തുപടവിൽ | ” |
| റവ. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ | ” |
| റവ. ഫാ. വർഗീസ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കായംകാട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് പുല്ലാനിതുണ്ടത്തിൽ | ” |
| റവ. ഫാ. ജോർജ്ജ് ഞാവള്ളിക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് വള്ളിക്കാട്ട് | ” |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |
| | *Bishop* |

## SA. 05/24 മിഷൻ സന്ദർശനം

ഇടുക്കി രൂപതയുടെ ജനറാളച്ചന്മാരായ ജോസ് കരിവേലിക്കലച്ചനും, അബ്രാഹം പുറയാറ്റച്ചനും മാർച്ച് 4-ാം തീയതി മുതൽ 5 ദിവസങ്ങൾ മിഷൻ സെന്ററുകൾ സന്ദർശിച്ചു. സന്ദർശനത്തിന്റെ ഭാഗമായി ഗുംന്തോ, സീറോ, രാഗ, സെപ്പ എന്നീ മിഷൻ സെന്ററുകളിൽ എത്തുകയും വൈദികരെയും സിസ്റ്റേഴ്സിനെയും ബ്രദേഴ്സിനെയും കാണുകയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. അവസാനദിവസം എല്ലാ വൈദികരും ഗുംന്തോയിൽ ഒരുമിച്ചു കൂടുകയും പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

എസ്.എ.ബി.എസ്. ഇടുക്കി പ്രൊവിൻഷ്യൽ സി. ലിറ്റിയും, സി. സീന, സി. റ്റെസീന എന്നിവരും മാർച്ച് 13-ാം തീയതി മുതൽ 21-ാം തീയതി വരെ മിഷൻ സന്ദർശിച്ചു.

## SA. 06/24 വൈദികരുടെ മാസധ്യാനം

മാർച്ച് മാസം 8-ാം തീയതി ഗൂംന്തോയിൽ വച്ച് വൈദികരുടെ മാസധ്യാനം നടത്തി. ഹർമുട്ടി മാർ ഇവാനിയോസ് സ്കൂൾ പ്രിൻസിപ്പൽ ഫാ. ജെസ്റ്റിൻ ധ്യാനചിന്തകൾ പങ്കുവച്ചു.

# മൈനർ സെമിനാരി

## MS. 14/24 ബത്‌ലഹേം കാരിത്താസിന് ഒരു കൈത്താങ്ങ്

ഇടുക്കി രൂപതയുടെ ബെത്‌ലഹേം കാരിത്താസിനു വേണ്ടി വിറകു ശേഖരിക്കാൻ സെമിനാരിയിലെ മുഴുവൻ വൈദിക വിദ്യാർത്ഥികളും റെക്ടറച്ചനോടൊപ്പം വിമലഗിരിയിൽ എത്തി സഹകരിച്ചു.

## MS. 15/24 ദൈവവിളിക്യാമ്പ്

ഈ വർഷം സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്ന 10th & +2 വിദ്യാർത്ഥികൾക്കായുള്ള ദൈവവിളിക്യാമ്പ് ഏപ്രിൽ 6, 7, 8 തീയതികളിലായി നടക്കും. ആഗ്രഹമുള്ള കുട്ടികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയക്കുമല്ലോ.

# സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ പ്രോഗ്രാം

## FY. 01/24

ബ്രദേഴ്സിന്റെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന ഒരു മെഡിറ്റേഷൻ കോഴ്സ് ഫെബ്രുവരി അവസാനവാരത്തിൽ സംഘടിപ്പിച്ചു. ബഹു. സേവ്യർ തറമേൽ അച്ചൻ ക്ലാസ്സുകൾ നയിച്ചു.

## FY. 02/24

സെമിനാരി മുറ്റത്തെ ബാസ്ക്കറ്റ് ബോൾ ഗ്രൗണ്ട് ടാറിംഗ് ചെയ്തു. വൈദിക വിദ്യാർത്ഥികൾക്കും വൈദികർക്കും കളിക്കുവാനായി ഒരുക്കിയ ഗ്രൗണ്ട് ടാറിംഗിന് സഹായിച്ച ഉപകാരികളെ നന്ദിയോടെ ഓർക്കുന്നു.

## FY. 03/24

കോട്ടയം നവജീവൻ ട്രസ്റ്റിൽ, ബ്രദേഴ്സ് 10 ദിവസം ആതുരശുശ്രൂഷയിൽ പങ്കുചേർന്നു. ശ്രീ. പി.യു. തോമസ് നേതൃത്വം നല്കുന്ന നവജീവനിൽ താമസിച്ചു രോഗീശുശ്രൂഷയിലും, ഭക്ഷണവിതരണ

ശുശ്രൂഷയിലും, ശുചീകരണ പ്രവർത്തനങ്ങളിലും പങ്കുചേർന്നു. ഫെബ്രുവരി 25 മുതൽ മാർച്ച് 6 വരെ ക്രമീകരിച്ച പ്രോഗ്രാമിൽ സന്നദ്ധപവർത്തകരെ പരിചയപ്പെടാനും മെഡിക്കൽ കോളേജിൽ രോഗികളെ സഹായിക്കാനും കാരുണ്യപ്രവർത്തനങ്ങളിൽ ചേരാനും നവജീവൻ അനുഭവത്തിലുടെ സാധിച്ചു.

## FY. 04/24

സെന്റ് ജോസഫ് ഫോർമേഷൻ ഹൗസിന്റെ കാർഷിക വിള വെടുപ്പ് നടത്തി. ഉത്പന്നങ്ങൾ സഭാസ്ഥാപനങ്ങളിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്കും ഹൗസിന്റെ ആവശ്യങ്ങൾക്കു മായി പ്രയോജനപ്പടുത്തി. കപ്പ വാട്ടി ഉണങ്ങുന്നതിനും മറ്റുമായി രാജാക്കാട് ഇടവകയിലെ അംഗങ്ങളും ബഹു. സിസ്റ്റേഴ്സും യുവ ജനങ്ങളും പങ്കുചേർന്നു.

## FY. 05/24

മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആഘോഷിച്ചു. പെ. ബഹു. ജോസഫ് വാഴയിലച്ചൻ ആഘോഷമായ തിരുനാൾ കുർബാനയ്ക്കു നേതൃത്വം നൽകുകയും തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. ജോസഫ് നാമധാരികളെയും ഉപകാരിക ളെയും ആദരിക്കുകയും കാരുണ്യപ്രവർത്തനങ്ങൾ ക്രമീകരിക്കു കയും ചെയ്തു.

## FY. 06/24

മാർച്ച് 20 ന് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാ വിന്റെ സാന്നിദ്ധ്യത്തിൽ പെ. ബഹു. ജനറാളച്ചൻമാരും പരിശീലന ത്തിന്റെ ഭാഗമായുള്ള വൈദികരും ഒരുമിച്ചു കൂടി ഈ അധ്യായന വർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

## FY. 07/24

എഴുകുംവയൽ കുരിശുമല തീർത്ഥാടനത്തിൽ അഭിവന്ദ്യ പിതാവിനോടെപ്പം വൈദിക വിദ്യാർത്ഥികളും പങ്കെടുത്തു.

## FY. 08/24

ഒരു അധ്യായനവർഷം അനുഗ്രഹപ്രദമായി പൂർത്തിയാക്കി. വൈദിക പരിശീലനത്തിന്റെ മികവുറ്റതാക്കി തീർക്കുന്നതിന്റെ ഭാഗ മായി അഭിവന്ദ്യ പിതാക്കന്മാർ നിർദ്ദേശിച്ച 4-ാം വർഷ പരിശീലന

പദ്ധതിയുടെ ഒരു ബാച്ചു കൂടി പൂർത്തിയായി. ആരാധനക്രമാധിഷ്ഠിതമായ ആദ്ധ്യാത്മിക പരിശീലനത്തോടൊപ്പം ഭാഷാപഠനത്തിന്റെ ഉന്നത നിലവാരത്തിലുള്ള പരിശീലനവും കൂടാതെ, ആത്മീയ അച്ചടക്കത്തിന്റെയും വ്യക്തിത്വവികസനത്തിന്റെയും വിവിധ ക്ലാസ്സുകൾ, മനശാസ്ത്ര കോഴ്സുകൾ, തെറാപ്പികൾ, ആരോഗ്യ-ശുചിത്വ ബോധവത്കരണ പ്രോഗ്രാമുകൾ, മിഷൻ എക്സ്പിരിയൻസ്, തീർത്ഥാടനങ്ങൾ, കൃഷിപാഠങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന 4-ാം വർഷപരിശീലനപദ്ധതി, സഭയിൽ മികവുള്ള വൈദികരെ രൂപപ്പെടുത്താൻ സഹായകരമാണ്. ഈ ആധ്യായനവർഷം വിജയകരമാക്കാൻ സഹായിച്ച പിതാക്കന്മാരെയും, വൈദികരെയും, സിസ്റ്റേഴ്സിനെയും, ആത്മീയ സുഹൃത്തുക്കളെയും, ഉപകാരികളെയും നന്ദിയോടെ രൂപതാ കുടുംബം ഓർക്കുന്നു. ബ്രദേഴ്സിന് അവധിക്കാലം മാർച്ച് 24 ന് ആരംഭിച്ചു.

## FY. 09/24

വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും സ്വാഗതം. അവധി കാലങ്ങളിൽ രൂപതാ കുടുംബത്തിനു പുറത്ത് പഠനമോ, ജോലിയോ ചെയ്യുന്ന വൈദികർക്കും മേജർ സെമിനാരി വിദ്യാർത്ഥികൾക്കും വീട്ടിൽ നിന്നും മാറി നിൽക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ വി. കുർബ്ബാന അർപ്പിക്കുന്നതിനും ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും വിശ്രമിക്കുന്നതിനും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചിരിക്കുന്ന ഹൗസാണ് രാജാക്കാടിലെ സെന്റ് ജോസഫ് ഫോർമേഷൻ സെന്റർ.

സെന്റർ Mob: 7025324297
email:sjfrajakadu@gmail.com

# സന്ന്യസ്തർ

## 1. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)

- സി. ലിസ്നി എസ് ഡി മിഷൻ ലീഗിന്റെ ദേശീയ വൈസ് ഡയറക്ടറായി നിയമിതയായി.
- ഇടുക്കി രൂപതയിലെ വിവിധ സ്കൂളുകളിൽ മലയാളം അധ്യാപികയായി സേവനം അനുഷ്ഠിച്ച സി. മാഗി SD ഫെബ്രുവരി 29-ാം തീയതി കർത്താവിൽ ഭാഗ്യം മരണം പ്രാപിച്ചു.
- മദർ കൊച്ചു റാണിയും, കൗൺസിലേഴ്സും ചെങ്കുളം OCD ധ്യാനകേന്ദ്രത്തിൽ മൂന്ന് ദിവസത്തെ ധ്യാനം നടത്തി.
- നെടുങ്കണ്ടത്ത് വച്ച് 23-ാം തീയതി നടന്ന മദർമാരുടെ മീറ്റിംഗിൽ ഇടുക്കി രൂപതയിൽ സേവനം ചെയ്യുന്ന എസ് ഡി സന്യാസ സഭയിലെ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.
- ഒറ്റത്തൈ ഇടവകയിൽ നടത്തിയ ഹോം മിഷനിൽ സിസ്റ്റേഴ്സ് ഭവന സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.
- നാല്പതാം വെള്ളിയോട് അനുബന്ധിച്ച് നടത്തിയ കുരിശുമല തീർത്ഥാടനത്തിൽ വിവിധ ശാഖാ ഭവനങ്ങളിൽ നിന്ന് എസ് ഡി സിസ്റ്റേഴ്സ് പങ്കെടുത്തു.

## 2. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വരുമാനദായക പ്രവർത്തനങ്ങളുടെ ഭാഗമായി 20 കുടുംബങ്ങൾക്ക് 50% സബ്സീഡിയായി 25000/- രൂപയുടെ സാൻജോ ഐ.ജി. പി. യുടെയും 10 കുടുംബങ്ങൾക്ക് 10,000/-രൂപ വീതം 50% സബ്സീഡിയായുള്ള അതിജീവനം പദ്ധതിയുടെയും തുകകൾ വിതരണം ചെയ്തു.
- നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സി. റാണി മരിയ തിയാനിയുടെ നേതൃത്വത്തിൽ അമലബാലികാ ഭവനിലെ കുട്ടികളെയും രാജമുടി ഇടവകയിലെ തൊഴിൽ രഹി

തരായ വനിതകളെയും ഒരുമിച്ച് ചേർത്ത് കൊന്തകെട്ട് പരിശീലനം നല്കി.

- ❖ വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 12-ാം തീയതി പൂപ്പാറയിൽ വച്ചു നടന്ന ബഹുജനറാലിയിലും പ്രതിഷേധ സമ്മേളനത്തിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ മുളകുവള്ളി ഇടവകയിൽ എസ് എച്ച് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.
- ❖ മാർച്ച് 18-ാം തീയതി ബിഷപ് ഹൗസിൽ വച്ച് നടന്ന പ്രൊവിൻഷ്യാളമ്മമാരുടെയും കൗൺസിലേഴ്സിന്റെയും മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് ഉം കൗൺസിലർ സിസ്റ്റേഴ്സും സംബന്ധിച്ചു.
- ❖ ഇടുക്കി ഡിസ്ട്രിക് വുമൺ കൗൺസിൽ സെന്റർ വഞ്ചിക്കവല, ആശ്രയം ഭവൻ ഷെൽട്ടർ ഹോം കുയിലിമല എന്നിവിടങ്ങളിൽ സി. അലീന കടപ്രയിൽ എസ് എച്ച് ആഴ്ചയിൽ രണ്ടു ദിവസം കൗൺസലിംഗും ക്ലാസ്സുകളും നല്കി വരുന്നു.
- ❖ തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ കബറിടത്തിൽ വച്ച് ഫെബ്രുവരി 29-ാം തീയതി രാവിലെ 11 മണിക്ക് ഇടുക്കി പ്രോവിൻസിന്റെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിൽ അടിമാലി സോണിലെ സിസ്റ്റേഴ്സും ഇടവകാംഗങ്ങളും സംബന്ധിച്ചു.
- ❖ തിരുവനന്തപുരം തൈക്കാട് യു.ഐ.റ്റി. കോളേജ് വിദ്യാർഥികൾക്ക് എൻ.എസ്.എസ്. ക്യാമ്പിൽ മെന്റൽ ഹെൽത്ത് അവയർനസ് എന്ന വിഷയത്തെ ആസ്പദമാക്കി സി. ലിൻസ് റോസ് ചെത്തിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

### 3. നസ്രത്ത് സന്ന്യാസിനീ സമൂഹം (CSN)

- ❖ ഹീലിംഗ് മിനിസ്ട്രിയുടെ ജനറൽ ബോഡി മീറ്റിംഗ് മോർണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ അടിമാലിയിൽ വച്ച് നടത്തി. ഫാ. ഫിലിപ്പ് ഐക്കര ക്ലാസ് നയിച്ചു.
- ❖ രോഗീ ദിനത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ രൂപതാ

സെൻട്രൽ കമ്മിറ്റി മെമ്പറായ Sr. Albeena CSN ന്റെ നേതൃത്വത്തിൽ മിസ്റ്റർ ജോസ് പൂതക്കുഴി തുടങ്ങിയവരോടൊത്ത് 200 acre മുതൽ 6-ാം മൈൽ വരെ രോഗികളായി തളർന്നുപോയവരും വീൽചെയറിൽ നടക്കുന്നവരുമായവരുടെ വീടുകൾ സന്ദർശിച്ച് പ്രാർത്ഥിച്ചു, ഫുഡ് കിറ്റ് നൽകി.

- ❖ ബഹുമാനപ്പെട്ട മദർ ജനറൽ Mother Terecine CSN അടിമാലി ഭവനത്തിൽ കാനോനിക സന്ദർശനം നടത്തി.
- ❖ കാക്കനാട് St. Thomas Mount ൽ മേജർ സുപ്പീരിയേഴ്സ് നായി നടത്തിയ മീറ്റിംഗിൽ മദർ ജനറൽ Mother Terecine CSN സംബന്ധിച്ചു.
- ❖ പുതിയ Peadiatrician Dr. Veena Venugopal MD, DNB യും പുതിയ Physician Dr. Safeer MD യും ജോയിൻ ചെയ്തു.
- ❖ മറയൂർ മൈക്കിൾഗിരി ഭവനത്തിൽ ഇടവകയിലും ചുറ്റുമുള്ള ജനങ്ങൾക്കായി മാസത്തിലെ ഒരു ദിവസം വിശുദ്ധ ബലി, പ്രെയ്സ് ആൻഡ് വർഷിപ്പ്, കൗൺസിലിംഗ് എന്നിവയോടെ 9.00 am 4.00 pm വരെ ആത്മീയ ഉണർവ് നൽകുന്ന ശുശ്രൂഷ നടത്തി.
- ❖ കാത്തലിക് ഹോസ്പിറ്റൽ ഫാർമസിസ്റ്റിന് വേണ്ടി പിഒസി പാലാരിവട്ടത്ത് നടത്തിയ വൺഡേ പ്രോഗ്രാമിൽ സിസ്റ്റേഴ്സ് നിതാ മരിയയും ശാന്തിനിയും പങ്കുചേർന്നു.
- ❖ അതിഥി തൊഴിലാളികൾക്കായി ലേബർ ഓഫീസർ, പീച്ചട് ഓർഗനൈസ് ചെയ്ത മെഡിക്കൽ ക്യാമ്പ് മോണിംഗ് സ്റ്റാർ ഹോസ്പിറ്റൽ വിജയകരമായി പൂർത്തിയാക്കി.
- ❖ മൂന്നാർ, അടിമാലി ആത്മജ്യോതി, യാക്കോബായ ഇടുക്കി ഭദ്രസനം എന്നിവിടങ്ങളിൽ പ്രീമാര്യേജ് കോഴ്സിൽ Sr. Amal Jose CSN ക്ലാസുകൾ നൽകി.
- ❖ സി എസ് എൻ ഫാമിലി അപ്പോസ്തലേറ്റ് ടീം നാലുമുക്ക് ഇടവകയിൽ ഹോംമിഷൻ നടത്തി. വികാരിയച്ചന്റെയും ഇടവക ജനങ്ങളുടെയും സഹകരണത്താൽ നല്ലൊരു ആത്മീയ ഉണർവ് നൽകാൻ സാധിച്ചു.

## 4. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

- ❖ ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ഇരട്ടയാറ്റിൽ വച്ച് നടത്തിയ ബൈബിൾ കൺവൻഷനിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ

സി. സുഗുണ, കൗൺസിലേഴ്സ് എന്നിവർക്കൊപ്പം വിവിധ ഭവനങ്ങളിൽ നിന്നും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

❖ നിർമൽ റാണി പ്രോവിൻസിലെ സിസ്റ്റേഴ്സ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വാഴവര ഇടവകയിൽ നടത്തിയ ഹോംമിഷൻ പൂർത്തിയാക്കി.

❖ പ്രൊവിഷൻ സുപ്പീരിയർ സി. സുഗുണയും കൗൺസിലേഴ്സും എഴുമുട്ടം ധ്യാനകേന്ദ്രത്തിൽ ഒരു ദിവസം പ്രാർത്ഥനയിൽ ചെലവഴിച്ചു.

❖ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ രൂപതാ ആനിമേറ്റേഴ്സ് മീറ്റിംഗിൽ സി. സുഗുണ, സി. റോസിൻ ജോസ് എന്നിവർ പങ്കെടുത്തു.

❖ പാറത്തോട് ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് 'മാതൃത്വവും മാറുന്ന സംസ്കാരവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.

❖ ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പൂപ്പാറയിൽ വച്ച് നടത്തിയ ബഹുജന റാലിയിലും പ്രതിഷേധ സമ്മേളനത്തിലും വിവിധ ഇടവകകളിൽ നിന്നുമായി ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ അന്യസംസ്ഥാന തൊഴിലാളികളുടെ സമ്മേളനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. വി. കുർബാനയിലും മറ്റ് തിരുർമ്മങ്ങളിലും 34 സഹോദരങ്ങൾ പങ്കെടുത്തു.

## 5. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

❖ മാർച്ച് 10 മുതൽ 14 വരെ കുഞ്ചിത്തണ്ണി ഇടവകയിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും, അവരോട് സംസാരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തത് ഇടവക ജനത്തിന് പുതിയ ഒരു ഉണർവും, തീക്ഷ്ണതയും, ദൈവാനുഭവവും പ്രദാനം ചെയ്തു. ഭവനങ്ങൾ സന്ദർശിച്ച് കുടുംബാംഗങ്ങളുമായി പരസ്പരം സംസാരിക്കുവാനും പ്രാർത്ഥിക്കുവാനും സാധിച്ചത് ഏറെ ദൈവാനുഗ്രഹപ്രദമായിരുന്നു.

❖ ക്ലരീഷ്യൻ വൈദികരുടെ നേതൃത്വത്തിൽ ബാംഗ്ലൂർ മത്തിക്കര

ഇടവകയിൽ വച്ച് നടത്തിയ ഇടവക ധ്യാനത്തിൽ സി. അൽഫോൻസ് കടമ്പനാട്ട് കൗൺസിലിംഗ് നൽകി സഹായിച്ചു.

❖ വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 12-ാം തീയതി പൂപ്പാറയിൽ വച്ചു നടന്ന ബഹുജന റാലിയിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ ഇടുക്കി രൂപതാ KCYM ആനിമേറ്റർ സി. ലിന്റാ തുണ്ടത്തിൽ KCYM സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

❖ നാരകക്കാനം ഇടവകയിൽ സി. അൽഫോൻസ് കടമ്പനാട്ട് ആദ്യവെള്ളി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

❖ SABS യൂക്കരിസ്റ്റിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലെ ആദ്യകുർബാന സ്വീകരിച്ച എയ്ഞ്ചൽസ് മീറ്റ് ഗ്രൂപ്പിലെ കുട്ടികളെ മാർച്ച് 16-ാം തീയതി ഒരുമിച്ചുകൂട്ടി. മുരിക്കാശ്ശേരി പള്ളി അസിസ്റ്റന്റ് വികാരി ഫാ. സേവ്യർ മേക്കാട്ട് ഗൂഗിൾ മീറ്റിലൂടെ കുട്ടികൾക്ക് കുമ്പസാരം എന്ന കൂദാശയെക്കുറിച്ചും, ഈ നോമ്പുകാലത്ത് എങ്ങനെ നന്നായി കുമ്പസാരിച്ചൊരുങ്ങാം എന്നതിനെകുറിച്ചും ക്ലാസുകൾ എടുത്തു.

## 6. കർമ്മല മാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

❖ നെടുങ്കണ്ടം, സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ ധ്യാനവും മൂല്യാധിഷ്ഠിത ക്ലാസ്സും നടന്നു. 700 കുട്ടികൾ പങ്കെടുത്ത ധ്യാനം വലിയ വിജയമായിരുന്നു. ഹെഡ്മാസ്റ്റർ ബിനോയി മഠത്തിൽ, അദ്ധ്യാപകർ എന്നിവരുടെ സഹകരണവും ശ്രദ്ധയും അഭിനന്ദനാർഹമാണ്.

❖ മങ്കുവ, ഈട്ടിത്തോപ്പ് ഇടവകകളിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

❖ പ്രോവിൻസിലെ വിശ്വാസ രൂപീകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'സ്നേഹോൽസവ് 2024' എന്ന പേരിൽ വിധവകളായ അമ്മമാർക്കായി ഏകദിന പ്രോഗ്രാം നടത്തി. സി. കാരുണ്യ CMC ക്ലാസ്സുകൾ നയിച്ചു.

❖ ഹോം മിഷൻ ടീമിന്റെ നേതൃത്വത്തിൽ കോഴിമല സെന്റ് ജോസഫ് ഇടവകയിൽ ഹോം മിഷൻ നടത്തി. വികാരി റവ. ഫാ

ജേക്കബ് മങ്ങാടംപിള്ളിയച്ചനും കമ്മിറ്റിയംഗങ്ങളും ചേർന്ന് വളരെ ക്രമീകൃതമായ വിധത്തിൽ ഒരുക്കിയ ഭവനസന്ദർശനം ദൈവജനത്തിന് ആത്മീയ ഉണർവ് നൽകി.

- CML ഇടുക്കി രൂപതയും CMC കാർമ്മൽഗിരി പ്രോവിൻസും സംയുക്തമായി നടത്തിയ ഓൺലൈൻ എവുപ്രാസ്യാ പ്രസംഗ മത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു. 4 കാറ്റഗറികളിലായി ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകാർക്കായി നടത്തിയ പ്രസംഗ മൽസരത്തിൽ 110 കുട്ടികൾ പങ്കെടുത്തു. ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോൾ, റവ. ഫാ. ഫിലിപ്പ് ഐക്കര എന്നിവർ വിശിഷ്ടാഥിതികളായിരുന്നു.
- HDS ലെ അമ്മമാർക്ക് International Women's day യോടനുബന്ധിച്ച് ക്ലാസ്സ് എടുത്തു.
- മച്ചിപ്ലാവ് സെന്റ് ഫ്രാൻസീസ് അസ്സീസി ഇടവകയിലെ മാതൃവേദിയിലെ അമ്മമാർക്കും മിഷൻലീഗ്, KCYM അംഗങ്ങൾക്കും സി. ഡെയ്സ് റാണി ക്ലാസ്സ് എടുത്തു.

## 7. Franciscan Sisters of Holy Annunciation (FSHA)

പ്രകൃതിയുടെ വരദാനങ്ങളായ മണ്ണ്, ജലം, വായു, സൂര്യപ്രകാശം, അഗ്നി, എന്നിവയും ഭക്ഷണക്രമീകരണ രീതികളും യോഗാ ഭ്യാസനങ്ങളും മറ്റ് ഔഷധ കൂട്ടുകളും ഉപയോഗിച്ച് ശരീരത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളെ പുറം തള്ളി ശരീരത്തിന്റെ പ്രതിരോധ ശക്തി വർദ്ധിപ്പിച്ച് രോഗങ്ങളെയും, രോഗാണുക്കളെയും ചെറുത്തു നിർത്തി കൊണ്ട് ആരോഗ്യകരമായ നല്ല ഒരു നാളേയ്ക്കായി FSHA സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ SANTA MARIA NATURE CURE CENTRE സ്ഥാപിച്ചിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, ഉയർന്ന രക്തസമ്മർദം, കാൽമുട്ട് തേയ്മാനം, കൈമുട്ട് വേദന, നട്ടെല്ലു തേയ്മാനം കഴുത്ത് വേദന, തോളുവേദന, അമിതവണ്ണം, ആമവാതം, സന്ധിവാതം, സൈനോസൈറ്റിസ്, സ്ട്രോക്കുമൂലം കൈകാലുകൾക്ക് ഉണ്ടാകുന്ന ബലക്കുറവ്, PCOD, ആർത്തവ ക്രമക്കേടുകൾ, എന്നിവയ്ക്കും സുഖചികിത്സയ്ക്കും പ്രസവാനന്തര തിരുമ്മുകൾക്കും അവസരംഒരുക്കുന്നു. ശരീരം അടച്ചുള്ള തിരുമ്മുകൾ, മണ്ണ് ചികിത്സാ, ശിരോധാര, കിഴികൾ, ആവിസ്നാനം വെള്ളത്തിൽ

മുങ്ങിക്കിടപ്പ്, വെള്ളത്തിൽ ഇരിപ്പ്, നസ്യം, ആതപസ്നാനം, അക്യുപങ്ചർ, അക്യുപ്രഷർ, യോഗ etc. എന്നിവലഭ്യമാണ്.

**പ്രത്യേകതകൾ –**

- ❖ Sister ഡോക്ടർമാരുടെയും, Male-Female, തെറാപിസ്റ്റുകളുടെയും സേവനങ്ങൾ ലഭ്യമാണ്.
- ❖ സ്ത്രീകളുടെ അമിതഭാരവും കുടവയറും, കുറയ്ക്കുന്നതിനായി പ്രത്യേക OP Gym, Exercise, Yoga എന്നിവയും ഉണ്ടായിരിക്കുന്ന താണ്.
- ❖ IP, OP സൗകര്യങ്ങൾ ലഭ്യമാണ്. Booking Number : 9544070931

Contact:- സാന്താ മരിയ പ്രകൃതി ചികിത്സാ കേന്ദ്രം
തങ്കമണി, ഇടുക്കി
Email;santamaria ncc1@gmail.com
www.santamariahealth.co.in
Ph : 9544070931

## CORPORATE EDUCATIONAL AGENCY

### Edn. 13/24 അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും

2023-24-അക്കാദമിക വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക-അനധ്യാപകർക്കുള്ള യാത്രയയപ്പും മികച്ച പ്രവർത്തനങ്ങൾ നടത്തിയ സ്കൂളുകൾ, പി.റ്റി.എ. എന്നിവയ്ക്കുമുള്ള അവാർഡുവിതരണവും രൂപതാ വിദ്യാഭ്യാസ ഏജൻസി നടത്തിയ വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം നേടിയവർക്കുള്ള സമ്മാനവിതരണവും 2024 മാർച്ച് 18 ന് (തിങ്കൾ) ഉച്ചകഴിഞ്ഞ് 2 മണി മുതൽ ഇരട്ടയാർ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനം ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്യുകയും അവാർഡ് ജേതാക്കളേയും വിരമിക്കുന്നവരേയും ആദരിക്കുകയും ചെയ്തു. വികാരി ജനറാൾമാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, അബ്രാഹം പുറയാറ്റ്, ജോസ് കരിവേലിക്കൽ, രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. ജോർജ്ജ് തകിടിയേൽ എന്നിവർ ആശംസകളർപ്പിച്ചു.

സമ്മാനാർഹരായവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

## BEST SCHOOL – 2023 -24

### Higher Secondary School

| | |
|---|---|
| Best Higher Secondary | :- St. Xavier's H.S.S, Chemmannar |
| Second Best Higher Secondary | :- St. Jerome's H.S.S, Vellayamkudy |
| Third Higher Secondary | :- St. Mary's H.S.S, Murickassery |

### High School (Category –I)

| | |
|---|---|
| Best High School | :- St. George's H.S, Parathode |
| Second Best High School | :- St. Thomas' H.S.S, Erattayar |
| Third Best High School | :- St. Xavier's H.S.S, Chemmannar |

### High School (Category –II)

| | |
|---|---|
| Best High School | :- St. Mary's H.S, Vazhavara |
| Second Best High School | :- Vimala H.S, Vimalagiri |
| Third Best High School | :- St. Mary's H.S, Ponmudy |

### Best U P School (Category - I)

| | |
|---|---|
| Best U P School | :- St. Sebastian's UPS, Nedumkandam |
| Second Best U P School | :- Holy Queen's UPS, Rajakumary |
| Third Best U P School | :- St. Mary's UPS, Kanjikuzhy |
| Third Best U P School | :- St. Jerome's UPS, Kattappana |

### Best U P School (Category - II)

| | |
|---|---|
| Best U P School | :- St. Mary's UPS, Manippara |
| Second Best U P School | :- St. Joseph's UPS, Josgiri |
| Third Best U P School | :- St. Mary's UPS, Udayagiri |

### Best L P School (Category – I)

| | |
|---|---|
| Best L.P School | :- St. George's LPS, Parathode |
| Second Best L.P School | :- St. Mary's LPS, Murickassery |
| Second Best L.P School | :- St. Jerome's LPS, Vellayamkudy |
| Third Best L.P School | :- St. Antony's LPS, Ellackal |

### Best L P School (Category – II)

| | |
|---|---|
| Best L.P School | :- St. Xavier's LPS, Nellippara |
| Second Best L.P School | :- Jaimatha LPS, Ezhukumvayal |
| Third Best L.P School | :- Vimala LPS, Vimalagiri |

# BEST PTA – 2023-24

Best PTA :- Holy Queen's UPS, Rajakuamary
Second Best PTA :- St. Antony's LPS, Ellackal
Third Best PTA :- St. George's LPS, Parathode

# YEAR OF EXCELLENCE

## പ്രതിഭ - 2023-24

**H.S.S Section:**

Master Jeffin Jojo, Standard XI, St. Jerome's H.S.S, Vellayamkudy

**H.S Section:**

Master Derin Antony, Standard IX, St. Jerome's H.S.S, Vellayamkudy

**U.P Section:**

Master Milan Binoby, Standard VI, St. George's UPS, Venmony

**L.P Section:**

Master Issac Sebastian, Standard IV, St. Jerome's LPS, Vellayamkudy

## തിലകം - 2023-24

**H.S.S Section:**

Kumari. Sraddha Sunny, Standard XII, St. Jerome's H.S.S, Vellayamkudy

**H.S Section:**

Kumari. Alphonsa Aji, Standard X, Vimala H.S, Vimalagiri

**U. P Section:**

Kumari. Stina Shinto, Standard VII, St. Joseph's UPS, Josgiri

**L.P Section:**

Kumari. Dhiya Mariya Sebastian, Standard IV, St. George's LPS, Parathode

# Scholarship Exam- 2023 - 24

## Catechism

**Standard - IV**

1st Dhiya Mariya Sebastian - Parathode SGLPS
2nd Arlene Anna Sojan - Erattayar STHSS
3rd Jovakim Shaji - Erattayar STHSS

**Standard - VII**

| | | | |
|---|---|---|---|
| 1st | Anumariya Gabriel | - | Nedumkandam SSUPS |
| 2nd | Anna Mariya Biju | - | Nedumkandam SSUPS |
| 3rd | Mariya Joby | - | Rajakumary HQUPS |

**Standard - X**

| | | | |
|---|---|---|---|
| 1st | Rima Shaji | - | Vellayamkudy SJHSS |
| 2nd | Juhi Mariya Sinoj | - | Koompanpara FMGHSS |
| 3rd | Rimi Mathew | - | Vellayamkudy SJHSS |

**Standard - XII**

| | | | |
|---|---|---|---|
| 1st | Jais Joseph | - | Vazhathope SGHSS |
| 2nd | Jain Joseph | - | Vazhathope SGHSS |
| 3rd | Desna Siby | - | Vellayamkudy SJHSS |

## Moral Science

**Standard - IV**

| | | | |
|---|---|---|---|
| 1st | Aadidev K.S | - | Parathode SGLPS |
| 2nd | Diya Anish | - | Vellayamkudy SJLPS |
| 3rd | Blesson Jijo | - | Kanjikuzhy SMELPS |

**Standard - VII**

| | | | |
|---|---|---|---|
| 1st | Athulya Rajesh | - | Rajakumary HQUPS |
| 2nd | Ahalya Sajeev | - | Rajakumary HQUPS |
| 3rd | Gopika Anish | - | Kiliyarkandam HFUPS |

**Standard - X**

| | | | |
|---|---|---|---|
| 1st | Nandhana R Nair | - | Vellayamkudy SJHSS |
| 2nd | Fidha Shaji | - | Vazhathope SGHSS |
| 3rd | Fathima Paravin Shaji | - | Koompanpara FMGHSS |

**Standard - XII**

| | | | |
|---|---|---|---|
| 1st | Mehna Hakkim | - | Vellayamkudy SJHSS |
| 2nd | Fidha Fathima | - | Vellayamkudy SJHSS |
| 3rd | Fathima P.S | - | Vellayamkudy SJHSS |

## ACADEMIC COUNCIL SCHOLAR SHIP 2023-24

## Malayalam Medium

**Standard - I**

| | | | |
|---|---|---|---|
| 1st | Elna Maria Shine | - | Ellackal SALPS |
| 2nd | Serin Theres Shibu | - | Thankamany STLPS |
| 3rd | Aswant E. H | - | Mukkudom VLPS |

**Standard - II**

| | | | |
|---|---|---|---|
| 1st | Nihara Theres | - | Thankamany STLPS |
| 2nd | Sebastian S Mampally | - | Kallarkutty SJLPS |
| 3rd | Angel Jaison | - | Thankamany STLPS |

**Standard - III**

| | | | |
|---|---|---|---|
| 1st | Rivana Fince | - | Ellackal SALPS |
| 2nd | Beneeta Bibin | - | Poomankandam CRLPS |
| 3rd | Snehamol Soji | - | Ellackal SALPS |

**Standard - IV**

| | | | |
|---|---|---|---|
| 1st | Edwin Lukose Aby | - | Pandippara SJUPS |
| 2nd | Lenara Libi | - | Sleevamala SBLPS |
| 3rd | Sona Sebastian | - | Thankamany STLPS |

**Standard -V**

| | | | |
|---|---|---|---|
| 1st | Roshy Mathew | - | Mankuva STUPS |
| 2nd | Ayana Binu | - | Mankuva STUPS |
| 3rd | Sara Maria Sabu | - | Mukkudom VLPS |

**Standard -VI**

| | | | |
|---|---|---|---|
| 1st | Juwel Siby | - | Mankuva STUPS |
| 2nd | Blessy Maria Siji | - | Kanthippara SSHS |
| 3rd | Sreehari Pradeesh | - | Kollimala SMUPS |

**Standard - VII**

| | | | |
|---|---|---|---|
| 1st | Neethal Mariya Jolly | - | Kollimala SMUPS |
| 2nd | Anjana Biju | - | Mankuva STUPS |
| 3rd | Adone George Aby | - | Pandippara SJUPS |

**Standard - VIII**

| | | | |
|---|---|---|---|
| 1st | Joe Manoj | - | Upputhode SJHS |
| 2nd | Sayana Cheriyan | - | Vimalagiri VHS |
| 3rd | Sneha V | - | Vazhathope SGHSS |

**Standard - IX**

| | | | |
|---|---|---|---|
| 1st | Gopika P Satheesan | - | Erattayar STHS |
| 2nd | Josna Babu | - | Vellayamkudy SJHSS |
| 3rd | Athulya Santhosh | - | Parathode SGHS |

## English Medium

| | | | |
|---|---|---|---|
| 1st | Basil K Aneesh | - | Ellackal SALPS |
| 2nd | Eshami Sajeesh | - | Murickassery SMLPS |
| 3rd | Evaniya Robin | - | Parathode SGLPS |

**Standard - II**

| | | | |
|---|---|---|---|
| 1st | Elaine Mary Babu | - | Vellayamkudy SJLPS |
| 2nd | Deon Antony | - | Vellayamkudy SJLPS |
| 3rd | Deon Sebastian | - | Parathode SGLPS |

**Standard - III**

| | | | |
|---|---|---|---|
| 1st | Noel Joseph Ajit | - | Kollimala SMUPS |
| 2nd | Ezamary Manoj | - | Chemmannar SXHSS |
| 3rd | Muhammed Fathih Siraj | - | Kallarkutty SJLPS |

**Standard - IV**

| | | | |
|---|---|---|---|
| 1st | Arlene Anna Sojan | - | Erattayar STHSS |
| 2nd | Dhiya Mariya Sebastian | - | Parathode SGLPS |
| 3rd | Aadidev K. S | - | Parathode SGLPS |

**Standard - V**

| | | | |
|---|---|---|---|
| 1st | Sikhil Sijo | - | Kliyarkandam HFUPS |
| 2nd | Erin Biju | - | Mariyapuram SMHSS |
| 3rd | Ansa Mariya John | - | Nedumkandam SSUPS |

**Standard - VI**

| | | | |
|---|---|---|---|
| 1st | Aelred Manoj | - | Murickassery SMHSS |
| 2nd | Aisf Rayan | - | Vazhathope SGUPS |
| 3rd | Deon Jose | - | Pandippara SJUPS |

**Standard -VII**

| | | | |
|---|---|---|---|
| 1st | Alex Roy | - | Vazhathope SGUPS |
| 2nd | Evelin Saji | - | Kattappana SJUPS |
| 3rd | Jewel Maria Abhilash | - | Kanjikuzhy SMUPS |

**Standard - VIII**

| | | | |
|---|---|---|---|
| 1st | Sivangi Rajeev | - | Murickassery SMHSS |
| 2nd | Rose Maria Antony | - | Vellayamkudy SJHSS |
| 3rd | Avani S | - | Parathode SGHS |

**Standard - IX**

| | | | |
|---|---|---|---|
| 1st | Vismaya Sojan | - | Murickassery SMHSS |
| 2nd | Anna Roy | - | Vazhathope SGHSS |
| 3rd | Chelcy Hanna Jaison | - | Parathode SGHS |

## Edn. 14/24 എന്റെ മലയാളം പദ്ധതിക്ക് പ്രത്യേക ആദരം

വിദ്യാർത്ഥികളുടെ മലയാള ഭാഷയിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസി പ്രൈമറി സ്കൂളുകളിൽ നടത്തിവരുന്ന എന്റെ മലയാളം എന്ന പാഠ്യപദ്ധതിയിൽ 2023-24 അക്കാദമിക വർഷം മികച്ച പ്രവർത്തനം നടത്തിയ സ്കൂളിനുള്ള പുരസ്കാരം ഉദയഗിരി സെന്റ് മേരീസ് യു.പി. സ്കൂൾ കരസ്ഥമാക്കി. ഈ രംഗത്ത് മികച്ച പ്രവർത്തനം നടത്തിയ അദ്ധ്യാപികയ്ക്കുള്ള പ്രത്യേക പുരസ്കാരത്തിന് നാരകക്കാനം സെന്റ് ജോസഫ്സ് യു.പി. സ്കൂൾ അദ്ധ്യാപിക ശ്രീമതി ജോസിയമോൾ ജോസ് അർഹയായി.

## Edn. 15/24 അദ്ധ്യാപക നിയമനം

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ യു.പി. വിഭാഗം ഹിന്ദി അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. എഴുത്തു പരീക്ഷയും അഭിമുഖവും 2024 ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തുന്നതാണ്. നിശ്ചിത ഫോമിലുള്ള അപേക്ഷ 2024 ഏപ്രിൽ 20 നകം വിദ്യാഭ്യാസ ഏജൻസിയുടെ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

### Edn. 16/24 ദിവസവേതനം - അദ്ധ്യാപക യോഗം

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 2023-24 അദ്ധ്യയനവർഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന എല്ലാ അദ്ധ്യാപകരുടേയും ഒരു യോഗം 2024 ഏപ്രിൽ മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ്ജ് യു.പി. സ്കൂളിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ ബന്ധപ്പെട്ട എല്ലാവരും സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

### PCM. 21/24 21/2/2024 ക്വിസ് മത്സരം

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ ലോക മാതൃഭാഷാ ദിനത്തോടനുബന്ധിച്ച് മലയാളം വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഡാൻസ് ടീം കാർമേൽ ഗിരി കോളേജിൽ വച്ച് നടന്ന തീം ഡാൻസ് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### PCM. 22/24 26/02/2024 Blood Donation Campaign

പാവനത്മാ കോളേജ് മുരിക്കാശ്ശേരിയിൽ NSS ന്റെയും പൈനാവ് മെഡിക്കൽ കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ബ്ലഡ് Donation Campaign സംഘടിപ്പിച്ചു.

### PCM. 23/24 28/02/2024 സയൻസ് ക്വിസ് കോമ്പറ്റിഷൻ

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നാഷണൽ സയൻസ് ഡേ 2024 നോട് അനുബന്ധിച്ച് സയൻസ് ക്വിസ് കോമ്പറ്റിഷൻ സംഘടിപ്പിച്ചു. മുരിക്കാശ്ശേരി പാവനാത്മാ കോളേജ് കോമേഴ്സ് ഡിപ്പാർട്ട് മെന്റ് ഫെസ്റ്റ് Comfest നടത്തി.

### PCM. 24/24 29/02/2024 New Voter Registration Campaign

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Electroal Literacy Club ന്റെ ആഭിമുഖ്യത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ക്യാമ്പ് സംഘടിപ്പിച്ചു.

### PCM. 25/24 01/03/2024 Fund Collection Campaign

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ NSS ന്റെ നേതൃത്വത്തിൽ മുരിക്കാശ്ശേരി ഓട്ടീസം സെന്ററിലേക്കു ഫണ്ട് കളക്ഷൻ നടത്തി.

### PCM. 26/24 07/03/2024 Carrer Orientation

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ അവസാന വർഷ വിദ്യാർഥികൾക്കായി Carrer Orientation പ്രോഗ്രാം നടത്തി.

### PCM. 27/24 11/03/2024 Womens Day Celebration

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Womens Cell ന്റെ നേതൃത്വത്തിൽ Womens Day ആഘോഷിച്ചു.

### PCM. 28/24 12/03/2024 Voice of Pavanatma

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ മികച്ച ഗായകരെ തിരഞ്ഞെടുക്കുവാൻ Voice of പാവനാത്മാ സംഘടിപ്പിച്ചു.

### PCM. 29/24 13/02/2024 ഇലക്ഷൻ ബോധവത്കരണ സെമിനാർ

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ കോളേജിന്റെയും ഇടുക്കി കളക്ടറേറ്റിന്റെയും സംയുക്ത നേതൃത്വത്തിൽ ഇലക്ഷൻ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു.

### PCM. 30/24 15/03/2024 കോളേജ് ഡേ

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് 2023-2024 അധ്യയന വർഷത്തെ കോളേജ് ഡേ നടത്തി.

## മാർ സ്ലീവാ കോളേജ്, രാജമുടി

### MSC. 16/24 ആർട്ടിസ്റ്ററി എക്സ്പോ

സർഗ്ഗാത്മക മനസ്സുകൾക്ക് പരിധിയില്ലാത്ത അവസരങ്ങൾ നൽകുന്നതിനായി Mar Sleeva ED Club 2024 ഫെബ്രുവരി 23-ന് ആർട്ടിസ്ട്രി എക്സ്പോ സംഘടിപ്പിച്ചു. പെൻസിൽ ഷേഡിംഗ്, ഗ്ലാസ് പെയിന്റിംഗ്, സ്റ്റിച്ചിംഗ്, എംബ്രോയ്ഡറി, കല്ലുകളിൽ ഡിസൈനു

കൾ, വിവിധ തരം പെയിന്റിംഗുകൾ, സ്കെച്ച് ചെയ്ത പോർട്രെയ്റ്റുകൾ, പേപ്പർ പൂക്കൾ, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ എന്നിവയെല്ലാം നിരവധി ക്രിയാത്മക ആശയങ്ങൾ അവതരിപ്പിച്ചു.

## MSC. 17/24 ജിയോളജി ഫീൽഡ് വിസിറ്റിംഗ്

മാർ സ്ലീവാ കോളേജ് ജിയോളജി ഡിപ്പാർട്മെന്റിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾ ഫെബ്രുവരി മാസം 26 മുതൽ 29 വരെ തമിഴ്നാട്ടിലെ പേരാമ്പലൂർ, അറിയല്ലൂർ എന്നീ ജില്ലകളിൽ ഫീൽഡ് വിസിറ്റിംഗ് നടത്തി. 4 ദിവസം നീണ്ടു നിന്ന പഠന യാത്രയിൽ വിവിധതരം ധാതുക്കൾ, ശിലകൾ എന്നിവയുടെ വൈവിധ്യമായ ശേഖരണവും തൃച്ചി നാഷണൽ കോളേജ് സന്ദർശനവും നടത്തി.

## MSC. 18/24 റിഥം 2K24

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലെ കൊമേഴ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റിഥം 2K24 നടന്നു. ഫെസ്റ്റിന്റെ ഭാഗമായി പബ്ജി കോംപറ്റീഷനും ഗ്രൂപ്പ് ഡാൻസ് മത്സരവും നടത്തപ്പെട്ടു.

## MSC. 19/24 CODEX 2K24

എത്തിനിക് ഡേ യോട് അനുബന്ധിച്ച് വ്യത്യസ്ത പരിപാടികളോടെ CAMS (കമ്പ്യൂട്ടർ അസോസിയേഷൻ ഓഫ് മാർ സ്ലീവാ) ഒരു ഇൻട്രാ-കോളീജിയറ്റ് ഫെസ്റ്റ് (മാർച്ച് 1) CODEX സംഘടിപ്പിച്ചു. 'ആർട്ട് ഇൻ ഫേസ്', Skrillex (ഗെയിമിംഗ്), എത്നിക് ഫാഷൻ റാംപ്-റെട്രോ ഫാഷൻ ഷോ etc. ഫെസ്റ്റിൻ ഹൈലൈറ്റ് പ്രോഗ്രാമായിരുന്നു.

## MSC. 20/24 യുഫോറിയ 2K24

മാർ സ്ലീവാ കോളേജ് ദിനാഘോഷം മാർച്ച് 7-ാം തീയതി ഇടുക്കി എം.പി അഡ്വ. ഡീൻ കുര്യാക്കോസിന്റെ മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലയ്ക്കാമറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനതിന്റെ ഉദ്ഘാടനം മുൻ കോളേജ് പ്രിൻസിപ്പാളും അഡ്മിനിസ്ട്രേറ്ററുമായിരുന്ന റവ. ഫാ. തോമസ് തൂമ്പുങ്കൽ നിർവഹിച്ചു. വൈസ് പ്രിൻസിപ്പാൾ ശ്രീ. ആനന്ദ് ജോസഫ് സ്വാഗതം അർപ്പിക്കുകയും പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ മോളി എം.എ. പ്രവർത്തന റിപ്പോർട്ട്

അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് വിവിധ അവാർഡ് ജേതാക്കളെ വേദിയിൽ ആദരിച്ചു. പി.റ്റി.എ. പ്രസിഡന്റ് ശ്രീ. ബിനോയ് റ്റി.പി, എം.പി.റ്റി.എ. പ്രസിഡന്റ് ശ്രീമതി റുക്കിയ അലിയാർ, കോളേജ് വൈസ് ചെയർപേഴ്സൺ കുമാരി അലീന ആന്റണി തുടങ്ങിയവർ ആശംസകൾ നേരുകയും കോളേജ് ചെയർമാൻ ശ്രീ. അഭയ് ആന്റണി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർഥികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെടുകയും ശേഷം Music Band യോടെ കോളേജ് ദിനാഘോഷത്തിന് സമാപനം കുറിക്കുകയും ചെയ്തു.

## MSC. 21/24 Saynora 2K24

മൂന്നാം വർഷം ബിരുദ വിദ്യാർത്ഥികളുടെ സെന്റ് ഓഫ് Saynora 2K2024 മാർച്ച് പതിനഞ്ചാം തീയതി വിവിധ ഡിപ്പാർട്ട്മെന്റുകളിൽ സംഘടിപ്പിച്ചു. തുടർന്ന് മാർച്ച് 16-ാം തീയതി ഫോട്ടോ സെഷൻ നടത്തപ്പെട്ടു.

# സോഷ്യൽ സർവ്വീസ്

## SS 17/24 സെൻട്രൽ കമ്മറ്റി മീറ്റിംഗ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ പുതിയതായി രൂപീകരിച്ച സെൻട്രൽ കമ്മറ്റി മീറ്റിംഗ് 04/03/2024 ൽ സൊസൈറ്റി ഓഫീസിൽ വച്ച് കൂടുകയുണ്ടായി. ക്രെഡിറ്റ് യൂണിയന്റെ രൂപതാ പ്രസിഡന്റായി ശ്രീമതികുഞ്ഞമ്മ തോമസിനെ അംഗങ്ങൾ ഏകകണ്ഠേന വീണ്ടും തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീ. എബിൻ തോമസിനെ നിയമിച്ചു. ശ്രീ. റെജി ജോസഫ് ഇരട്ടയാർ, ശ്രീമതി സിനി ബിജു പൊട്ടൻകാട്, ശ്രീ. ജോണി മാത്യു കിളിയാർകണ്ടം, ശ്രീമതി ആഗ്നസ് മാത്യു തങ്കമണി, ശ്രീമതി വത്സമ്മ ജോയ് മുരിക്കാശ്ശേരി എന്നിവരാണ് പുതിയ കമ്മറ്റി അംഗങ്ങൾ.

## SS 18/24 ഡെസിമിനേഷൻ വർക്ക്ഷോപ്പ്

സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന വിഷയത്തെ

ആസ്പദമാക്കി നടന്നുവരുന്ന ക്യാമ്പയിന്റെ ഭാഗമായി മുരിക്കാശ്ശേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് 24/02/2024 ൽ ഡെസിമിനേഷൻ വർക്ക്ഷോപ്പ് നടത്തപ്പെട്ടു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ മുരിക്കാശ്ശേരി എസ്.എച്ച്.ജി. ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി ബിന്ദു ബെന്നി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ പദ്ധതി വിശദീകരണം നടത്തി. മുരിക്കാശ്ശേരി സെന്റ് മേരീസ് ചർച്ച് അസിസ്റ്റന്റ് വികാരി ഫാ. സേവ്യർ മേക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സ്ത്രീ സുരക്ഷ, മാനസിക ആരോഗ്യംഎന്നീ വിഷയങ്ങളെക്കുറിച്ച് മിസ്. അഞ്ചലി റ്റി.എൻ. ക്ലാസ്സ് നയിച്ചു. എസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതികുഞ്ഞമ്മ തോമസ് യോഗത്തിന് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ പരിപാടികൾ അവസാനിച്ചു. സൊസൈറ്റി പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീ. എബിൻ കുറുന്താനത്ത്, ആനിമേറ്റർ ശ്രീമതി ആഗ്നസ് മാത്യു, വിവിധ കോളേജുകളിൽ നിന്ന് വന്ന സോഷ്യൽ വർക്ക് ട്രെയിനിമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## SS 19/24 വനിതാ ദിനാചരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും, കൊല്ലം അമൃത വിശ്വവിദ്യാപീഠം, അങ്കമാലി ഡി പോൾ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്നീ കോളേജുകളിലെ വിദ്യാർത്ഥികളുടെയും സംയുക്ത ആഭിമുഖ്യത്തിൽ വനിതാ ദിനാചരണം സംഘടിപ്പിച്ചു.ഇടുക്കി രൂപതാ വികാരി ജനറാളും സൊസൈറ്റി പ്രസിഡന്റുമായ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കഞ്ഞിക്കുഴി എസ്.എച്ച്.ജി. ഫെഡറേഷൻ രക്ഷാധികാരി ഫാ. മാത്യു വളവനാൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ സ്വാഗതം ആശംസിച്ചു. നബാർഡിന്റെ വിവിധ പദ്ധതികളിലൂടെ മികച്ച ഫെഡറേഷൻ, മികച്ച ക്ഷീര കർഷക, മികച്ച സംരംഭം എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് അന്നേ ദിവസം മെമന്റോയും ക്യാഷ് അവാർഡും വിതരണം

ചെയ്തു. മികച്ച യൂണിറ്റായി ചുരുളി എസ്.എച്ച്.ജി. ഫെഡറേഷനും, മികച്ച സംരംഭമായി ചുരുളി ഫെഡറേഷനിൽ ഉൾപ്പെടുന്ന കൃപ എസ്.എച്ച്.ജിയും, മികച്ച ക്ഷീര കർഷകയായി കിളിയാർകണ്ടം ഫെഡറേഷനിലുള്ള റെയിൻബോ സംഘത്തിലെ ശ്രീമതി വത്സമ്മ മാത്യുവും ആണ് തിരഞ്ഞെടുക്കപ്പെട്ടത്. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ., HDS പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ്, പ്രോജ്ക്ട് കോർഡിനേറ്റേഴ്സ് എന്നിവർ സംസാരിച്ചു. അടിമാലി കാർമ്മൽഗിരി കോളേജ് സൈക്കോളജി വിഭാഗം മേധാവി സി. റോസിൻ സി.എം.സി. മാനസിക ആരോഗ്യത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. എസ്.എച്ച്.ജി. ഫെഡറേഷൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് കൃതജ്ഞത അറിയിച്ചു.

## SS 20/24 ട്രെയിനിംഗ് പ്രോഗ്രാം

സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ മെച്ച പ്പെട്ട രീതിയിൽ തിരികെ കൊണ്ടുവരിക എന്ന വിഷയത്തെ ആസ്പദ മാക്കി നടന്നുവരുന്ന ക്യാമ്പയിന്റെ ഭാഗമായി ഭൂമിയാംകുളം സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് രണ്ടാമത് സ്റ്റേക് ഹോൾ ഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. ഭൂമിയാംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വികാരി ഫാ. ജോൺസൺ ചെറുകുന്നേൽ അദ്ധ്യക്ഷത വഹിച്ച പരിപാടി ഇടുക്കി രൂപതാ മാതൃവേദി ഡയറക്ടർ ഫാ. മാർട്ടിൻ പൊൻപനാൽ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് സ്ത്രീ സുരക്ഷ ആരോഗ്യം, ക്ഷേമം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിക്കുകയും ചെയ്തു. സൊസൈറ്റി പ്രോജക്ട് കോർഡിനേ റ്റർമാരായ ശ്രീ. ബിജോ ഇളംതുരുത്തിയിൽ, ശ്രീ. എബിൻ കുറുന്താ നത്ത്, വിവിധ കോളേജുകളിൽ നിന്ന് വന്ന സോഷ്യൽ വർക്ക് ട്രെയി നിമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## SS 21/24 മികച്ച വനിതാ ക്ഷീര കർഷക അവാർഡ്

വനിതാദിനത്തോടനുബന്ധിച്ച് കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന് കീഴിലുള്ള ദർശന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 2023-24 ലെ കാർഷിക രംഗത്ത് മികവ് തെളിയിച്ച മഹിളയ്ക്കുള്ള അവാർഡിന് ഇടുക്കി രൂപതയിൽ നിന്ന് എച്ച്.ഡി.എസിന് കീഴിലുള്ള മഞ്ഞപ്പാറ എസ്.എച്ച്.ജി. ഫെഡറേഷനിലെ അംഗമായ ശ്രീമതി

റിറ്റു സിബി തകിടിയേൽ അർഹയായി. 10 പശു, ആട്, കോഴി, മീൻ, താറാവ് എന്നിവയെ വളർത്തിയാണ് റിറ്റു തന്റെ കുടുംബത്തിന് കൈത്താങ്ങ് ആകുന്നത്. 2024 മാർച്ച് 3 ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം പിതാവിൽ നിന്ന് ഫലകവും ക്യാഷ് അവാർഡും റിറ്റു സിബി ഏറ്റുവാങ്ങി.

## കെ.സി.എസ്.എൽ.

### KCSL 09/24 ഇടുക്കി രൂപത കെ.സി.എസ്.എൽ. അവാർഡുകൾ പ്രഖ്യാപിച്ചു

ഇടുക്കി രൂപതാ കെ.സി.എസ്.എൽ. സംഘടനയുടെ ഈ വർഷത്തെ മികച്ച പ്രവർത്തന മികവുകൾ കാഴ്ചവച്ച സ്കൂളുകൾക്കും മികച്ച ആനിമേറ്റേഴ്സിനുമുള്ള രൂപതാ അവാർഡുകൾ പ്രഖ്യാപിച്ചു.

ഹയർ സെകണ്ടറി വിഭാഗത്തിൽ സെന്റ് മേരീസ് എച്ച്.എസ്.എസ്. മുരിക്കാശ്ശേരി, ഒന്നാം സ്ഥാനവും സെന്റ് ജെറോംസ് എച്ച്.എസ്.എസ്. വെള്ളയാംകുടി, രണ്ടാം സ്ഥാനവും ക്രിസ്തുജ്യോതി പബ്ളിക് സ്കൂൾ രാജാക്കാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഹൈസ്കൂൾ വിഭാഗത്തിൽ ഇരട്ടയാർ സെന്റ് തോമസ് എച്ച്.എസ്. ഒന്നാം സ്ഥാനവും വിമലഗിരി വിമല എച്ച്.എസ്. രണ്ടാം സ്ഥാനവും വെള്ളയാംകുടി സെന്റ് ജെറോംസ് എച്ച്എസ്. മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

യു.പി. സ്കൂൾ വിഭാഗത്തിൽ നാരകക്കാനം സെന്റ് ജോസഫ് യു.പി. സ്കൂൾ ഒന്നാം സ്ഥാനവും വെള്ളയാംകുടി സെന്റ് ജെറോംസ് യു.പി. സ്കൂൾ രണ്ടാം സ്ഥാനവും നെടുംകണ്ടം സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

എൽ.പി. സ്കൂൾ വിഭാഗത്തിൽ എല്ലക്കൽ സെന്റ് ആന്റണീസ് എൽ.പി.എസ്. ഒന്നാം സ്ഥാനവും പാറത്തോട് സെന്റ് ജോർജ് എൽ.പി. സ്കൂൾ രണ്ടാം സ്ഥാനവും മുരിക്കാശ്ശേരി സെന്റ് മേരീസ് സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

മികച്ച ആനിമേറ്റേഴ്സിനുള്ള അവാർഡിന് ഹയർ സെക്കണ്ടറി വിഭാഗത്തിൽ മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ സി. ലിസ്ബറ്റ് എഫ്.സി.സി. ഹൈസ്കൂൾ വിഭാഗത്തിൽ വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി ജിജാ മോൾ എബ്രാഹം, യു.പി. വിഭാഗത്തിൽ നാരകക്കാനം സെന്റ് ജോസഫ് യു.പി. സ്കൂളിലെ ജോസിയ മോൾ ജോസ്, എൽ.പി. വിഭാഗത്തിൽ എല്ലക്കൽ സെന്റ് ആന്റണീസ് എൽ.പി. സ്കൂളിലെ നിഷമോൾ ജേക്കബ് എന്നിവർ അർഹരായി.

## KCSL 10/24 സംസ്ഥാനതല കെ.സി.എസ്.എൽ. സി.സി. മീറ്റ് നടത്തപ്പെട്ടു

കെ.സി.എസ്.എൽ. സംസ്ഥാനതല സി.സി. മീറ്റ് 2024 മാർച്ച് 9-ാം തീയതി എറണാകുളം പി.ഓ.സി. യിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിങ്ങിൽ വച്ച് നടത്തപ്പെട്ട ഇലക്ഷനിൽ ഇടുക്കി രൂപതയിൽ നിന്നും തങ്കമണി സെന്റ് തോമസ് ഹയർ സെക്കൻണ്ടറി സ്കൂളിലെ അധ്യാപികയായ ജൂലിമോൾ വർഗീസ് സംസ്ഥാനതല ഹയർ സെക്കൻണ്ടറി വിഭാഗം എക്സിക്യൂട്ടീവ് അംഗമായും, മുരിക്കാശ്ശേരി സെന്റ് മേരിസ് ഹയർസെക്കൻഡറി സ്കൂളിലെ അധ്യാപകനായ ശ്രീ. അരുൺ ആന്റണി സംസ്ഥാനതല യു.പി വിഭാഗം എക്സിക്യൂട്ടീവ് അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ നാരകക്കാനം സെന്റ് ജെറോംസ് യു.പി. സ്കൂളിലെ ശ്രീമതി ജോസിയാ മോൾ ജോസ് ഈ വർഷത്തെ കെ.സി.എസ്.എൽ. സംസ്ഥാനതല ഇന്റേണൽ ഓഡിറ്ററായും തിരഞ്ഞെടുക്കപ്പെട്ടത് ഇടുക്കി രൂപത കെ.സി.എസ്.എൽ. കുടുംബത്തിന് ഏറെ അഭിമാനകരമായ നേട്ടമാണ്.

# തിരുബാലസഖ്യം

## HC 10/24 ഉയിർപ്പുതിരുനാൾ ആശംസകൾ

ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ ആശംസകൾ എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു. ഇനിയുള്ള ദിവസങ്ങളിൽ കൂടുതൽ പ്രാർത്ഥനയോടും ഒരുക്കത്തോടും കൂടി ഉയിർപ്പുതിരുനാളിനായി നമുക്കൊരുങ്ങാം.

## HC 11/24 ഉണ്ണിക്കൂട്ടം

അവധിക്കാലത്ത് ഇടവകകളിൽ ഉണ്ണിക്കൂട്ടം ക്യാമ്പുകൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ക്യാമ്പുകൾ നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

# ചെറുപുഷ്പ മിഷൻലീഗ്

## CML 18/24 സംസ്ഥാന മാനേജിംഗ് കമ്മിറ്റി, സംസ്ഥാന ഇലക്ഷൻ

മാർച്ച് 9-ാം തീയതി ശനിയാഴ്ച, പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും സംസ്ഥാന ഇലക്ഷനിലും ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച്, അസി. ഡയറക്ടർ റവ. ഫാ. ജോബി പുളിക്കക്കുന്നേൽ, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ജോർജുകുട്ടി സെബാസ്റ്റ്യൻ, സെക്രട്ടറി അമൽ ജോണി എന്നിവരുടെ നേതൃത്വത്തിൽ രൂപതാ സമിതിയിലെ 15 അംഗങ്ങൾ പങ്കെടുത്തു.

മാനേജിംഗ് കമ്മറ്റിയിൽ വച്ച് ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ 2024-2027 വർഷത്തേക്കുള്ള ഭാരവാഹികൾ തിരഞ്ഞെടുക്കപ്പെട്ടു. രഞ്ജിത് മുതുപ്ലാക്കൽ (മാനന്തവാടി) സംസ്ഥാന പ്രസിഡന്റ്, ജയ്സൺ പുളിച്ചമാക്കൽ (തലശ്ശേരി) ജനറൽ സെക്രട്ടറി, തോമസ് അടുപ്പുകല്ലുങ്കൽ (പാലാ) ജനറൽ ഓർഗനൈസർ എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഭാരവാഹികൾ.

ഹൈറേഞ്ച് റീജിയണൽ ഓർഗനൈസറായി ഇടുക്കി രൂപതയുടെ അജയ് ഫ്രാൻസിസും തിരഞ്ഞെടുക്കപ്പെട്ടു.

## CML 19/24 വി. എവുപ്രാസ്യാ പ്രസംഗമത്സരവും സമ്മാന ദാനവും

CML ഇടുക്കി രൂപതയുടെയും, CMC ഇടുക്കി കാർമൽഗിരി പ്രൊവിൻസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, വി. എവുപ്രാസ്യാ പ്രസംഗമത്സരം നടത്തി. രൂപതയിലെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു. മാർച്ച് 9-ാം തീയതി അടിമാലി കാർമൽഗിരി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പൊതുസമ്മേളനത്തിൽ, CML ഇടുക്കി രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകി. നാല് ക്യാറ്റഗറികളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം, 2001, 1001, 501 വീതമാണ് ക്യാഷ് അവാർഡുകൾ നൽകിയത്. CMC കാർമൽഗിരി പ്രൊവിൻഷ്യൽ റവ. സി. ആനി പോൾ CMC, വിശ്വാസ രൂപീകരണ കൗൺസിലർ റവ. സി. മേബിൾ CMC എന്നിവർ സമ്മേളനത്തിൽ സഹിഹിതരായിരുന്നു.

## CML 20/24 ഉപവാസ സമരത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ച് ചെറുപുഷ്പ മിഷൻലീഗ് രൂപതാ സമിതി

വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട്, മാർച്ച് 9, 10, 11 തീയതികളിലായി കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ജെറിൻ ജെ. പട്ടാങ്കുളത്തിന്റെയും, മുൻ പ്രസിഡന്റ് അലക്സ് തോമസിന്റെയും നേതൃത്വത്തിൽ, KCYM ഇടുക്കി രൂപത അടിമാലിയിൽ നടത്തിയ 48 മണിക്കൂർ ഉപവാസ സമരത്തിന്, ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതിയിലെ 15 അംഗങ്ങൾ സമരപ്പന്തലിലെത്തി സമര നായകന്മാർക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു. CML രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്ജുകുട്ടി സെബാസ്റ്റ്യൻ, AKMC മെമ്പർ ശ്രീ. ആൽബിൻ ആന്റണി എന്നിവർ പ്രസംഗിച്ചു.

## CML 21/24 ബഹുജന റാലിയും പ്രതിഷേധ സമ്മേളനവും

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് ഹൈറേ

ഞ്ചിൽ, വന്യജീവി ആക്രമണത്തിൽ നിരവധി മനുഷ്യ ജീവനുകൾ പൊലിയുമ്പോഴും, നിഷ്ക്രിയരായിക്കഴിയുന്ന ഭരണകൂടത്തോടും ഉദ്യോഗസ്ഥവൃന്ദത്തോടും, വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം ആവശ്യപ്പെട്ട്, ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 12-ാം തീയതി പൂപ്പാറയിൽ വച്ച് നടത്തിയ ബഹുജന റാലിയിലും പ്രതിഷേധ സമ്മേളനത്തിലും, ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ നിരവധി മിഷൻലീഗ് പ്രവർത്തകർ പങ്കെടുത്തു.

## CML 22/24 മേഖലാ, ശാഖാ സന്ദർശനങ്ങൾ

ചെറുപുഷ്പ മിഷൻലീഗ് രൂപതാ സമിതി, മാർച്ച് 3-ാം തീയതി രാജാക്കാട് മേഖലയിലും, ജോസ്ഗിരി ശാഖയിലും, 16-ാം തീയതി മുളകുവള്ളി ശാഖയിലും, 17-ാം തീയതി കുഞ്ചിത്തണ്ണി മേഖലയിലും പൊട്ടൻകാട് ശാഖയിലും ആനച്ചാൽ ശാഖയിലും സന്ദർശനം നടത്തി. സന്ദർശനത്തോടനുബന്ധിച്ച് അതാതു തലങ്ങളിലെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കൂടാതെ, മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ റെക്കോർഡ് വർക്കുകൾ റിപ്പോർട്ട് എന്നിവയെക്കുറിച്ച് അംഗങ്ങൾക്ക് ക്ലാസുകളും നൽകി. CML രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര, വൈസ് ഡയറക്ടർ സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് ജോർജുകുട്ടി സെബാസ്റ്റ്യൻ, റീജിയണൽ ഓർഗനൈസർ ലിജോ ജോണി എന്നിവർ സന്ദർശനങ്ങൾക്ക് നേതൃത്വം നൽകി.

## CML 23/24 ദൈവവിളി സംഗമവും ടീൻസ് മീറ്റും

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെയും, ഇടുക്കി രൂപതാ വൊക്കേഷൻ ബ്യൂറോയുടെയും സംയുക്ത ആഭിമുഖ്യത്തിൽ, ഏപ്രിൽ 6-ാം തീയതി, കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ദൈവവിളി സംഗമവും ടീൻസ് മീറ്റും നടത്തപ്പെടുന്നതാണ്. ഈ വർഷം സന്യാസ പൗരോഹിത്യ വിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരും X, XII ക്ലാസ് പൂർത്തിയാക്കിയവരുമായ, ഇടുക്കി രൂപതയിലെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വാഗതം! വിശദ വിവരങ്ങൾ CML സർക്കുലറിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## CML 24/24 കയ്യെഴുത്തു മാസിക മത്സരം

ഏപ്രിൽ 10 (അടിമാലി, മുരിക്കാശ്ശേരി), 13 (വാഴത്തോപ്പ്), 14 (ഇരട്ടയാർ) എന്നീ തീയതികളിലായി നാല് സെന്ററുകളിൽ വച്ച് രൂപതാ തല കയ്യെഴുത്ത് മാസിക മത്സരം നടത്തുന്നതാണ്. VI മുതൽ XII വരെ ക്ലാസുകളിൽ വിശ്വാസ പരിശീലനം നടത്തുന്ന മിഷൻലീഗ് അംഗങ്ങൾക്കായി സംഘടിപ്പിച്ചിരിക്കുന്ന മത്സരത്തിൽ, സാധിക്കുന്ന എല്ലാ ശാഖകളിൽ നിന്നും പങ്കാളിത്തം ഉണ്ടാകാൻ ശ്രദ്ധിക്കുമല്ലോ. മത്സരത്തെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ CML സർക്കുലറിൽ നൽകിയിട്ടുണ്ട്.

# കെ.സി.വൈ.എം. (SMYM)

## KCYM 20/24 സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ.എം. കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ 46-ാം സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രതിനിധികൾ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

## KCYM 21/24 ഇടുക്കിയുടെ മിടുക്കി ഇനി സംസ്ഥാനത്തിലേക്ക്

കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയായി ഇടുക്കി രൂപതയുടെ സംസ്ഥാന സിൻഡിക്കേറ്റ് അംഗമായ മരീറ്റ തോമസ് തിരഞ്ഞെടുക്കപ്പെട്ടു.

## KCYM 22/24 പ്രതിഷേധം രേഖപ്പെടുത്തി

ലഹരി ഉപയോഗിച്ചു സാമൂഹ്യവിരുദ്ധർ പള്ളി കോമ്പൗണ്ടിൽ നടത്തിയ അഴിഞ്ഞാട്ടത്തെ ചോദ്യം ചെയ്ത പൂഞ്ഞാർ ഫൊറോന പള്ളിയിലെ സഹവികാരി ഫാ. ജോസഫ് ആറ്റുച്ചാലിനെ ആക്രമിക്കുകയും കാർ കൊണ്ട് ഇടിച്ചിടുകയും ചെയ്ത സംഭവത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപത ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

## KCYM 23/24 21-ാം വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ 21-ാമത് വാർഷിക സെനറ്റ് സമ്മേളനം 2024 ഫെബ്രുവരി 24-ാം തിയതി അടിമാലി, ആത്മ ജ്യോതി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. എസ്.എം.വൈ. എം. ഗ്ലോബൽ ഡയറക്ടർ റവ. ഫാ ജേക്കബ് ചക്കാത്തറ ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രമേയാവതരണവും സംഘടനാചർച്ചയും നടത്ത പ്പെട്ടു. ശേഷം 2024-25 പ്രവർത്തന വർഷത്തെ കെ.സി.വൈ.എം. ഇടുക്കി രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. പ്രസി ഡന്റായി ശ്രീ. ജെറിൻ ജെ. പട്ടാംകുളം, ജനറൽ സെക്രട്ടറിയായി ശ്രീ. സാം സണ്ണി, വൈസ് പ്രസിഡന്റുമാരായി ആൽബി ബെന്നി, അമല ആന്റണി, സെക്രട്ടറിമാരായി ബിന്റോ ജോസഫ്, അനിറ്റ സണ്ണി, ട്രഷറർ ആയി സോണി ജോസഫ്, എക്സിക്യൂട്ടീവ് ആംഗങ്ങ ളായി തോമസ് കുട്ടി മാത്യു, ജോമോൻ മാത്യു, സോനാ ട്രീസ ജോബി, ഹരിത കെ. ജോസഫ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ശേഷം സമാപന സമ്മേളനം ഇടുക്കി രൂപതാ മീഡിയ കമ്മീഷൻ ഡയറക്ടർ റവ. ഫാ ജിൻസ് കാരയ്ക്കാട്ട് ഉദ്ഘാടനം ചെയ്യുകയും പുതിയ രൂപതാ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേരുകയും ചെയ്തു.

## KCYM 24/24 പ്രതിഷേധ ജ്വാല

സഭാ വിശ്വാസത്തിനെതിരെ നടന്നുവരുന്ന അക്രമങ്ങൾക്കും വ്യക്തിഹത്യകൾക്കും എതിരെ ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ ജ്വാലയിൽ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതാക്കൾ പങ്കെടുത്തു.

## KCYM 25/24 കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് മീറ്റിംഗ്

2024 പ്രവർത്തന വർഷത്തിലെ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗും, അധികാര കൈമാറ്റവും 2024 മാർച്ച് 3 ഞായറാഴ്ച രാവിലെ 10 മണി മുതൽ പാലാരിവട്ടം പി.ഒ.സിയിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രതിനിധികൾ പങ്കെടുത്തു.

## KCYM 26/24 48 മണിക്കൂർ ഉപവാസ സമരം

വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ശാശ്വത പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മാർച്ച് 9 മുതൽ 11 വരെയുള്ള ദിവസങ്ങളിൽ 48 മണിക്കൂർ ഉപവാസ സമരം നടത്തപ്പെട്ടു. കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. ജെറിൻ ജെ. പട്ടാംകുളം, സംസ്ഥാന സിൻഡിക്കേറ്റ് അംഗം അലക്സ് തോമസ് എന്നിവരോടൊപ്പം, മാങ്കുളം നിവാസികളെ പ്രതിനിധീകരിച്ചുകൊണ്ട് ഫാ. മാത്യു കരോട്ട്കൊച്ചറക്കൽ എന്നിവർ ഉപവാസ സമരത്തിൽ പങ്കാളിയായി. സമരഭടന്മാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുക്കൊണ്ട് 9 ഓളം രൂപതകളും, ഇടുക്കി രൂപതയിലെ നിരവധി വൈദികരും സന്യസ്തരും വിവിധ ഇടവകകളും, മതഅധ്യാപകരും, സമൂദായിക സാംസ്കാരിക നേതാക്കന്മാരും സമരത്തിൽ പങ്കുചേർന്നു.

# മാതൃവേദി

## MV 11/24 വചന കൊയ്ത്ത് 2K23

മൂവാറ്റുപുഴ സി.എം.ഐ. കാർമൽ പ്രൊവിൻസും, ഇടുക്കി മാതൃവേദിയും സംയുക്തമായി സംഘടിപ്പിച്ച വചന കൈയ്യത്ത് മത്സരത്തിന്റെ റിസൾട്ട് :

### A Group

1. സിനി സോജൻ തോപ്രാംകുടി - 1st Prize
2. മിനി സ്റ്റാൻലി കനകക്കുന്ന് - 2nd Prize
3. അനു ഷിജോ പൊന്മുടി - 3rd Prize

### B Group

1. റോസമ്മ ജോൺസൺ കീരിത്തോട് - 1st Prize
2. ലീന ജോൺസൺ മുട്ടുകാട് - 2nd Prize
3. ബിൻസി ബിജു ചെമ്മണ്ണാർ - 2nd Prize
4. ഷീബ ജോസ് തൊവരയാർ - 3rd Prize

## MV 12/24 ഉണർവ്വ് 2K24

നമ്മുടെ രൂപതയിലെ മാതൃവേദി അംഗങ്ങളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ആയി ഇടുക്കി രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ അമ്മമാർക്ക് വേണ്ടി ഉണർവ് 2K24 എന്ന പേരിൽ കലാമത്സരങ്ങൾ നടത്തപ്പെടുന്നു. അംഗങ്ങളുടെ പ്രായപരിധി അനുസരിച്ച് രണ്ട് വിഭാഗങ്ങളിലായി യൂണിറ്റ്, റീജൺ, രൂപത എന്നീ മൂന്ന് തലങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തപ്പെടുന്നത്.

**മത്സര വിഭാഗങ്ങൾ**

സീനിയേഴ്സ് :- 1978 ഡിസംബർ 31 വരെ ജനിച്ചവർ
ജൂനിയേഴ്സ് :- 1979 ജനുവരി ഒന്നിന് ശേഷം ജനിച്ചവർ

**മത്സരയിനങ്ങൾ**

**യൂണിറ്റ്, റീജണൽ തലങ്ങൾ**

1. പ്രസംഗം
2. ലളിതഗാനം
3. മോണോ ആക്ട്
4. ബൈബിൾ ക്വിസ്
5. ഗ്രൂപ്പ് സോങ്ങ്
6. വചനമെഴുത്ത് മത്സരം

**രൂപതാ തലം**

7. നാടോടി നൃത്തം
8 മാർഗ്ഗംകളി

❖ **റീജനുകളെ തിരിച്ചിരിക്കുന്ന വിതം നിലവിലുള്ള 13 മേഖലകളെ 7 റീജിയണുനകളായിയാണ് ക്രമീകരിച്ചിരിക്കുന്നത്**

1. മാങ്കുളം - കൂമ്പൻപാറ
2. വെള്ളത്തൂവൽ - പാറത്തോട്
3. മുരിക്കാശ്ശേരി - തങ്കമണി
4. വെള്ളയാംകുടി - ഇരട്ടയാർ
5. ചുരുളി - വാഴത്തോപ്പ്
6. രാജക്കാട് - കുഞ്ചിത്തണ്ണി
7. നെടുങ്കണ്ടം

## MV 13/24 എക്സിക്യൂട്ടീവ് മീറ്റിംഗ്

2024 ഏപ്രിൽ മാസം 9-ാം തീയതി രാവിലെ 10 മണിക്ക് ഇടുക്കി രൂപതാ കാര്യലയത്തിൽ വച്ച് റീജയണൽ കലോത്സവത്തിനു മുന്നോടിയായുള്ള എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

# ഇടുക്കി രൂപതാ കെ.സി.ബി.സി. വിമൻസ് കമ്മിഷൻ

### വനിതാ ദിനാഘോഷം

ഇടുക്കി രൂപതാ കെ.സി.ബി.സി. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സമീപപ്രദേശങ്ങളിലുള്ള ഓർഫനേജ് നിവാസികളെയും, ജീവിത പങ്കാളികൾ നഷ്ടപ്പെട്ട വനിതകളെയും പങ്കെടുപ്പിച്ചു കൊണ്ട്, കുയിലിമല ഗിരിറാണി ഹാളിൽ വച്ച് 08-03-2024 ലെ അന്താരാഷ്ട്രാ വനിതാദിനം സമുചിതമായി ആഘോഷിച്ചു. ഇടുക്കി രൂപതാ സെക്രട്ടറി ഡോ. റോസക്കുട്ടി അബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കി രൂപതാ ഡയറക്ടർ ബഹു. ഫാ. നോബി പൊൻപനാൽ ആമുഖ സന്ദേശവും ബഹു. ഫാ. വിനീത് പാഴേക്കുടിയിൽ സി.എം.ഐ. മുഖ്യപ്രഭാഷണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ്ജ് പോൾ ഉദ്ഘാടനവും നിർവ്വഹിച്ചു. ബഹു. സി. ആൽബിൻ, റിൻസി ജോസ്, ജെസ്സി മാത്യു, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് മെമ്പർമാർ എന്നിവർ സംസാരിക്കുകയും ചെയ്തു.

ഓർഫനേജ് നിവാസികളുടെ വിവിധ കലാപരിപാടികളും, വിധവകളുടെ മനോഹരമായ ഗാനങ്ങളും, അവരുടെ അനുഭവങ്ങൾ വയ്ക്കലും എല്ലാം ചടങ്ങുകൾക്കു മാറ്റു കൂട്ടി. പരിപാടികൾ അവതരിപ്പിച്ച ഓർഫനേജുകൾക്കും, വിധവകളായി പങ്കെടുത്ത എല്ലാവർക്കും വിമൻസ് കമ്മീഷൻ വക ചെറിയ സമ്മാനങ്ങൾ നല്കി. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 33/24 ഇടുക്കി സോൺ - തുടർ പരിശീലനം

വരദാന വളർച്ച ധ്യാനം കൂടിയവർക്കായുള്ള തുടർ പരിശീലനം മാർച്ച് 3, ഞായറാഴ്ച കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തി. ശ്രീ. ജേക്കബ് വെള്ളക്കാട്ട് നേതൃത്വം നൽകി.

## PG 34/24 സഹസ്രദിന മധ്യസ്ഥ പ്രാർത്ഥന

അടിമാലി സബ്സോണിൽ കല്ലാർകുട്ടി ഇടവകയിൽ വച്ച് മാർച്ച് മാസം 10-ാം തീയതി ജൂബിലിയൂസ് 2026 സഹസ്രദിന മധ്യസ്ഥ പ്രാർത്ഥന നടത്തി.

## PG 35/24 സോണൽ നേതൃസംഗമം

സോണൽ നേതൃസംഗമം പത്താം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് കല്ലാർകുട്ടി സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് നടത്തി. സോണൽ, സബ്സോണൽ, മിനിസ്ട്രി സർവീസ് ടീം അംഗങ്ങളും പ്രാർത്ഥനാ ഗ്രൂപ്പ് കോർ ടീമും, മുൻകാല നേതൃത്വത്തിലുണ്ടായിരുന്നവരും ഈ കൂട്ടായ്മയിൽ പങ്കെടുത്തു. എല്ലാ സബ്സോണുകളും തങ്ങളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ പ്രാർത്ഥന ഗ്രൂപ്പ് ഡയറക്ടർ ഫാ. ജോസഫ് നടുപ്പടവിൽ നേതൃത്വം നൽകി, ശ്രീ. ഷാജി ഈഴക്കുന്നേൽ വചന സന്ദേശം നൽകി.

## PG 36/24 ഇടവക ഹോം മിഷൻ

ഇടുക്കി സോണിന്റെ നേതൃത്വത്തിൽ കല്ലാർകുട്ടി ഇടവകയിൽ നടക്കുന്ന വാർഷിക ധ്യാനത്തിന്റ ഒരുക്കമായി ഇടവക ഹോം മിഷൻ നടത്തി. വിവിധ ഇടവകകളിൽ നിന്ന് എത്തിയ അമ്പതോളം ശുശ്രൂഷകർ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും, ഇടവക ധ്യാനത്തിനായി കുടുംബാംഗങ്ങളെ ക്ഷണിക്കുകയും, പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. ശുശ്രൂഷകൾക്ക് KCSC മെമ്പർ ശ്രീ. സണ്ണി വളവനാട്ട്, സോണൽ പാരിഷ് മിനിസ്ട്രി കോഡിനേറ്റർ ശ്രീ. തോമസ് തെക്കേൽ എന്നിവർ നേതൃത്വം നൽകി.

## PG 37/24 സബ് സോൺ സെമിനാർ

വാഴത്തോപ്പ് സോണിന്റെ നേതൃത്വത്തിൽ സെമിനാർ പതിനാറാം തീയതി ശനിയാഴ്ച കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തി. സബ്സോൺ ആനിമേറ്റർ ഫാ. തോമസ് വലിയമംഗലം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## PG 38/24 ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് ഏഴു മുതൽ 8 മണി വരെ സാന്താ മരിയ മിഷൻ കേന്ദ്രത്തെയും, രൂപതാ വൈദികരെയും, കുടുംബങ്ങളെയും സമർപ്പിച്ച് ഓൺലൈൻ മധ്യസ്ഥ്യ പ്രാർത്ഥന നടത്തുന്നു.

## PG 39/24 കട്ടപ്പന സോൺ ഉപദേശക സമിതി (ZAC) യോഗം

മാർച്ച് 8-ാം തീയതി തൊവരായർ ഉണ്ണിമിശിഹാ ദൈവാലയത്തിൽ വച്ച് കട്ടപ്പന സോണിന്റെ ഉപദേശക സമിതി (ZAC) യോഗം ചേർന്നു. വിവിധ സബ്സോണുകളിൽ നിന്നുമായി 80 പേർ ഇതിൽ പങ്കെടുത്തു. ഏപ്രിൽ 16, 17, 18 തീയതികളിൽ ഇരട്ടയാറിൽ വച്ചു നടക്കുന്ന ഗ്രാന്റ് കോൺഫ്രൻസിന്റെ ഒരുക്കങ്ങളെക്കുറിച്ചു ആലോചിക്കുകയും അടുത്തുവരുന്ന സബ്സോൺ തിരഞ്ഞെടുപ്പിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

## PG 40/24 ഒരുക്കധ്യാനം

മാർച്ച് 21-ാം തീയതി ഗ്രാന്റ് കോൺഫ്രൻസിന്റെ നല്ല നടത്തിപ്പിനായി, തിരഞ്ഞെടുത്ത വൊളന്റീയർമാർക്കുള്ള ഒരുക്ക ധ്യാനം തൊവരായർ ഉണ്ണിമിശിഹാ പള്ളിയിൽ വച്ചു ഉണ്ണി ബ്രദറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## AKCC 17/24 യൂണിറ്റ് സന്ദർശനം

കത്തോലിക്കാ കോൺഗ്രസ് തിരഞ്ഞെടുപ്പും യൂണിറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലും യൂണിറ്റുകളിലും സന്ദർശനം നടത്തി.

## AKCC 18/24 യൂത്ത് കൗൺസിൽ നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ നേതൃസംഗമം ഏപ്രിൽ 13 ന് നടത്തപ്പെടുന്നു. യൂത്ത് കൗൺസിൽ, യൂണിറ്റ്, ഫൊറോന, രൂപതാ പ്രതിനിധികൾ പ്രസ്തുത നേതൃസംഗമത്തിൽ പങ്കെടുക്കണം.

## AKCC 19/24 ഐക്യദാർഢ്യം പ്രഖ്യാപിച്ചു

വനം വകുപ്പിന്റെ കരിനിയമങ്ങൾക്കെതിരെ ജനകീയ സത്യാഗ്രഹ സമരം നടത്തുന്ന മാങ്കുളം ജനതയ്ക്ക് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

## AKCC 20/24 അഭിവാദ്യങ്ങൾ അർപ്പിച്ചു

KCYM ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ അടിമാലിയിൽ നടത്തപ്പെട്ട 48 മണിക്കൂർ നിരാഹാര സത്യാഗ്രഹ സമരത്തിന് കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ, ജനറൽ സെക്രട്ടറി, യൂത്ത് കൗൺസിൽ രൂപതാ കോഡിനേറ്റർ, വനിതാ കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ എന്നിവർ കത്തോലിക്കാ കോൺഗ്രസിനു വേണ്ടി അഭിവാദ്യങ്ങൾ അർപ്പിച്ചു.

## AKCC 21/24 ബഹുജന റാലിയും പ്രതിഷേധ സമ്മേളനവും

ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പൂപ്പാറയിൽ നടത്തപ്പെട്ട ബഹുജന റാലിയിലും പ്രതിഷേധ സമ്മേളനത്തിനും കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സജീവമായ പങ്കാളിത്തത്തിന് നേതൃത്വം നൽകി.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

## GSP 06/24 രോഗീ ദിനാചരണം

മാർച്ച് 2 ന് കുഞ്ചിത്തണ്ണിയിൽ രോഗീ ദിനാചരണവും രോഗീ ശുശ്രൂഷകരുടെ ഒത്തുചേരലും നടന്നു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

മാർച്ച് 2 ന് കൂമ്പൻപാറയിൽ നടന്ന രോഗീ ദിനാചരണത്തിലും രോഗി ശുശ്രൂഷകരുടെ ഒത്തുചേരലിലും ഫാ. ജോൺസൺ ചെറുകുന്നേൽ നേതൃത്വം നൽകി.

മാർച്ച് 15 ന് കല്ലാർകുട്ടിയിൽ രോഗീദിനാചരണവും ശുശ്രൂഷകരുടെ ഒത്തുചേരലും നടന്നു. ഡോ. സി. സുഗുണ, സി. റോസിൻ ജോസ്, റോബർട്ട് കണ്ണഞ്ചിറ എന്നിവർ പങ്കെടുത്തു.

മാർച്ച് 4 ന് സെൻട്രൽ കമ്മറ്റികൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ ഇടവകകളിൽ യൂണിറ്റ് ആരംഭിക്കുന്നതിന് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു

ബഹു. വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, ഫാ. ലിബിൻ മനയ്ക്കലെട്ട്, ഫാ. ആനന്ദ്  പള്ളിവാതുക്കൽ എന്നിവരെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാക്കുന്നതിനായി പ്രെസ്ബിറ്ററൽ കൗൺസിൽ നിയോഗിച്ചു.

## മദ്യവിരുദ്ധസമിതി

### MVS 05/24 വീര്യം കുറഞ്ഞ മദ്യം: സർക്കാർ നീക്കം ഉപേക്ഷിക്കണം

സംസ്ഥാനത്ത് മദ്യത്തിന്റെ കുത്തൊഴുക്കിൽ പൊറുതി മുട്ടിയ ജനങ്ങളുടെ മേൽ വീണ്ടും ഇരട്ടി പ്രഹരവുമായി വീര്യം കുറഞ്ഞ മദ്യം കൂടി വന്നാൽ സാഹചര്യം കൂടുതൽ അപകടകരമാകുമെന്ന് കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതി ഇടുക്കി രൂപതാ കമ്മിറ്റി സർക്കാരിന് മുന്നറിയിപ്പ് നൽകി. ഘട്ടം ഘട്ടമായി മദ്യവർജനം നടപ്പിലാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവർ മദ്യ പ്രളയം സൃഷ്ടിക്കുകയാണ്. ആരെ ഉദ്ദേശിച്ചാണ് വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാണ്. സ്ത്രീകളെയും, കുട്ടികളെയും ആണോ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ഈ ജനദ്രോഹ മദ്യനയത്തിനെതിരെ പൊതു സമൂഹത്തിന്റെ ചെറുത്ത് നിൽപ് പ്രക്ഷോഭം ഉണ്ടാവും. രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലം, പ്രസിഡന്റ് സിൽബി ചുനയൻമാക്കൽ, റോജസ് എം. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

## ആത്മജ്യോതി

### A.J. 05/24 ആത്മജ്യോതി ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് അടിമാലി

പുതിയ A1 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസുകൾ 2024 ഏപ്രിൽ 22 മുതൽ ആരംഭിക്കുന്നു. സീറ്റുകൾ പരിമിതം. അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്നവർ ഉടൻ തന്നെ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്.

www.atmajyothi.site
9447413328, 9400092632

## A.J. 06/24 ആത്മജ്യോതി പാസ്റ്ററൽ സെന്റർ അടിമാലി

2024 ഏപ്രിൽ മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 12, 13, 14 ( വെള്ളി, ശനി, ഞായർ) തീയതികളിലായി നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

www.atmajyothi.site

9400092632, 6235931254, 8078755919, 9447413328



# കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

## KAC. 13/24 ശനിയാഴ്ച കൺവെൻഷൻ

മാസത്തിലെ എല്ലാ ശനിയാഴ്ചയും വൈകിട്ട് 4:30 മുതൽ രാത്രി 8:30 വരെ ശനിയാഴ്ച ആരാധനയും ശുശ്രൂഷകളും നടത്തപ്പെടുന്നു.

## KAC. 14/24 കുട്ടികളുടെ ഏകദിന കൺവെൻഷൻ

മാസത്തിലെ രണ്ടാം ശനിയാഴ്ച കുട്ടികൾക്കുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. കുട്ടികൾക്ക് കുമ്പസാരത്തിനും കൗൺസിലിങ്ങിനും ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## KAC. 15/24 കൗൺസിലിങ്ങ്

മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 3:30 വരെ കൗൺസിലിങ്ങിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

## KAC. 16/24 ദൈവകരുണയുടെ തിരുന്നാൾ ആഘോഷവും നൊവേനയും

2024 മാർച്ച് മാസം 29 ദുഃഖവെള്ളി മുതൽ ഏപ്രിൽ മാസം 7 പുതുഞായർ വരെ വൈകുന്നേരം 4.30 മുതൽ 8.30 വരെ ദൈവകരുണയുടെ തിരുന്നാൾ ആഘോഷവും നൊവേനയും നടത്തപ്പെടുന്നു.

## KAC. 17/24 ദൈവകരുണയുടെ കൺവെൻഷൻ

ഏപ്രിൽ മാസം 5, 6, 7 തീയതികളിൽ ദൈവകരുണയുടെ കൺവെൻഷൻ നടത്തപ്പെടുന്നു.

## KAC. 18/24 കുട്ടികൾക്കായുള്ള ധ്യാനം

ഏപ്രിൽ മാസം 14 വൈകിട്ട് 5 മണിമുതൽ 18 വ്യാഴം രാവിലെ 8 മണിവരെ കുട്ടികൾക്കായുള്ള ധ്യാനം നടത്തപ്പെടുന്നു

## KAC. 19/24 ദൈവകരുണയുടെ ധ്യാനം

ഏപ്രിൽ മാസം 18 വ്യാഴം വൈകിട്ട് 5 മണി മുതൽ 21 ഞായർ 3 മണി വരെ ദൈവകരുണയുടെ ധ്യാനം നടത്തപ്പെടുന്നു.

## KAC. 20/24 Power Dunamis Retreat for Sisters

ഏപ്രിൽ മാസം 24 ബുധൻ വൈകിട്ട് 5 മണി മുതൽ 28 ഞായർ 3 മണി വരെ Power Dunamis Retreat for Sisters നടത്തപ്പെടുന്നു.

# വാർത്തകളും വിശേഷങ്ങളും

### കപട പരിസ്ഥിതി വാദത്തിന്റെ പേരിൽ ഇനിയും ആളുകളെ കൊലയ്ക്ക് കൊടുക്കരുത്: മാർ ജോൺ നെല്ലിക്കുന്നേൽ

കപട പരിസ്ഥിതി വാദത്തിന്റെ പേരിൽ ഇനിയും ആളുകളെ കൊലയ്ക്ക് കൊടുക്കരുതന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. മൂന്നാറിൽ കാട്ടാനാക്രമണത്തിൽ കൊല്ലപ്പെട്ട സുരേഷ് കുമാറിന്റെ വീട് സന്ദർശിച്ചതിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരേഷ് കുമാറിന്റെ നിര്യാണത്തോടെ ഒരു കുടുംബം അനാഥമായിരിക്കുകയാണ്. അദ്ദേഹത്തിന്റെ വീട് ഉൾക്കൊള്ളുന്ന പ്രദേശം പതിറ്റാണ്ടുകളായി ആളുകൾ താമസിക്കുന്ന ജനവാസ മേഖലയാണ്. അത്തരം ഇടങ്ങളിലാണ് വന്യമൃഗങ്ങൾ അക്രമം നടത്തുന്നത്. പരിഷ്കൃത രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ ആളുകൾക്ക് സ്വര്യമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കാൻ

വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുകയും നിയന്ത്രണത്തിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും ചെയ്യണം.

മൂന്നാറിൽ കാട്ടാന ആക്രമണത്തിൽ സാധാരണക്കാരായ ആളുകളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യം അത്യന്തം ദുഃഖകരമാണ്. ഈ വിഷയത്തിൽ അധികാരികൾ കാണിക്കുന്ന നിസംഗത മലയോര ജനതയെ കൂടുതൽ ഭയപ്പെടുത്തുന്നു. മനുഷ്യനേക്കാൾ മൃഗങ്ങൾക്ക് വില കൽപ്പിക്കുന്ന കപട പരിസ്ഥിതിവാദികൾക്ക് വിധേയപ്പെട്ട് സ്വാർത്ഥ ലാഭത്തിനുവേണ്ടി മൗനം അവലംബിക്കുന്ന രാഷ്ട്രീയ നേതാക്കൾ പൊതുസമൂഹത്തിന് അപമാനകരമാണ്. ഈ സാഹചര്യത്തിൽ വന്യമൃഗങ്ങളിൽ നിന്നും മലയോര ജനതയെ രക്ഷിക്കുവാൻ വാഗ്ദാനങ്ങൾ അപ്പുറം നിയമഭേദഗതികൾ ഉണ്ടാക്കാൻ സത്വര നടപടികൾ സർക്കാരുകൾ എടുക്കണം. ഇനിയും ഒരാളുടെ പോലും ജീവൻ നഷ്ടപ്പെടുന്ന സാഹചര്യം മലയോര പ്രദേശത്ത് ഉണ്ടാകരുത്. ഈ വിഷയത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാകുന്നില്ലെ ങ്കിൽ വരും നാളുകളിൽ ആളുകളുടെ ആശങ്കകളോട് ചേർന്ന് സമര മുഖത്തും സജീവമാകും എന്നും ബിഷപ്പ് ഓർമിപ്പിച്ചു.

# വർധിച്ചു വരുന്ന വന്യമൃഗ ആക്രമണത്തിനെതിരെ ഇടുക്കി രൂപത സംഘടിപ്പിച്ച വിവിധ സമര പരിപാടികൾ



ബഹുജന റാലി - പൂപ്പാറ




കെ.സി.വൈ.എം. 48 മണിക്കൂർ ഉപവാസ സമരം - അടിമാലി



പ്രതിഷേധ ജ്വാല - പാറത്തോട്

Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/04/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498






**പ്രാർത്ഥനാ നിയോഗം ഏപ്രിൽ 2024**

സ്ത്രീകളുടെ മഹത്വവും വിലയും എല്ലാ സംസ്കാരങ്ങളും അംഗീകരിക്കുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾ ഇല്ലാതാകുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki -685 602